# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ
ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

ജനുവരി 2025 | വാല്യം 51 ലക്കം 10 | പേജ് 12 | വില 10.00 രൂപ

UNITY Monthly | January 2025 | Volume 51 Issue 10 | Chief Editor: JAISON JOSEPH | Page 12 | Price Rs. 10.00


## എഐയുറ്റിയുസി അഖിലേന്ത്യാ സമ്മേളനം

# സംഘടിത തൊഴിലാളി പ്രസ്ഥാനത്തിന്റെ ഉദിച്ചുയരുന്ന സമരശക്തി

**നിർദ്ദയമായ ചൂഷണത്തിലേക്ക് തൊഴിലാളികളെ എറിഞ്ഞുകൊടുക്കുന്ന കോർപ്പറേറ്റുകാലത്തെ തൊഴിൽ നിയമ പൊളിച്ചെഴുത്തുകൾക്കെതിരെ രാജ്യമെമ്പാടും പണിയെടുക്കുന്നവരുടെ സന്ധിരഹിത പോരാട്ടത്തിന്റെ നേതൃത്വമായി ഉയരുന്ന ആൾ ഇന്ത്യ യുണൈറ്റഡ് ട്രേഡ് യൂണിയൻ സെന്ററിന്റെ 22–ാമത് അഖിലേന്ത്യാ സമ്മേളനം 2024 ഡിസംബർ 15,16,17 തീയതികളിൽ ഭുവനേശ്വറിൽ നടന്നു.**

**പോ**രാട്ടത്തിന്റെ പാത ഉപേക്ഷിച്ച്, ലോബിയിംഗിന്റെയും സന്ധിഭാഷണത്തിന്റെയും കീഴടങ്ങലായി തൊഴിലാളി പ്രവർത്തനം അപചയപ്പെടുന്ന വർത്തമാനകാലത്ത് അചഞ്ചലമായ ചെറുത്തുനിൽപ്പിന്റെ പതാകയേന്തുന്ന എഐയുറ്റിയുസിയുടെ മുന്നേറ്റത്തിന്റെ ആവേശകരമായ പ്രതിഫലനമായിരുന്ന ഭുവനേശ്വർ സമ്മേളനം. മാനുഷിക പരിഗണനപോലും ലഭിക്കാതെ അടിമകളെപ്പോലെ പണിയെടുക്കേണ്ടിവരുന്ന സ്കീം വർക്കേഴ്സിന്റെ വീറുറ്റ സമരത്തിന്റെ പോരാളികൾ, അംഗനവാടി പ്രവർത്തകർ, ആശാ



എഐയുറ്റിയുസിയുടെ 22–ാമത് അഖിലേന്ത്യാസമ്മേളനത്തിന്റെ ഭാഗമായി ഭുവനേശ്വറിൽ നടന്ന വമ്പിച്ച തൊഴിലാളി റാലിയിൽനിന്ന്.



എഐയുറ്റിയുസി അഖിലേന്ത്യാ സമ്മേളനത്തിന്റെ ഭാഗമായി ഒഡിഷ നിയമസഭാമന്ദിരത്തിന് സമീപം ലോവർ പിഎംജി സ്ക്വയറിൽ നടന്ന റാലിയെ അഖിലേന്ത്യ പ്രസിഡന്റ് കെ.രാധാകൃഷ്ണ അഭിസംബോധന ചെയ്യുന്നു.

വർക്കേഴ്സ്, തൊഴിലവകാശങ്ങളും തൊഴിൽ സുരക്ഷിതത്വവും നിഷേധിക്കപ്പെടുന്ന കുടിയേറ്റത്തൊഴിലാളികൾ, സംഘടിത, അസംഘടിത മേഖലയിലെ തൊഴിലാളികൾ... പതിനായിരങ്ങളായി അവർ ഒഴുകിയെത്തി. ദശാബ്ദങ്ങളായി ഖനിമേഖലകളിൽ നിഷ്ഠുരമായ ചൂഷണത്തിന് വിധേയരാക്കപ്പെട്ടുപോന്നിരുന്ന ആദിവാസികൾ വീറുറ്റ പോരാട്ട ശക്തിയായി ഉയർന്നണിനിരന്നു.

അധ്വാനിച്ച് സമ്പത്ത് സൃഷ്ടിക്കുന്ന തൊഴിലാളി, മനുഷ്യോചിതമായ ജീവിതം തങ്ങളുടെ അവകാശമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട്, കോർപ്പറേറ്റുകളുടെയും അവരുടെ ദാസ്യവൃത്തിയെടുക്കുന്ന രാഷ്ട്രീയ നേതൃത്വത്തിന്റെയും ഔദാര്യമല്ലെന്ന താക്കീത് നൽകിക്കൊണ്ട്, പരസ്പരം ശക്തി പകർന്ന്, അണിമുറിയാതെ തെരുവിൽ നിറഞ്ഞു.

തൊഴിലും തൊഴിലവകാശങ്ങളും സംരക്ഷിക്കാൻ വീറുറ്റ തൊഴിലാളി പ്രക്ഷോഭണങ്ങൾ വളർത്തിയെടുക്കുക എന്ന മുദ്രാവാക്യമുയർത്തിയാണ് കേന്ദ്ര ട്രേഡ് യൂണിയനായ എഐയുറ്റിയുസിയുടെ അഖിലേന്ത്യാ സമ്മേളനം ഒഡിഷയിലെ ഭുവനേശ്വറിൽ നടന്നത്. രാജ്യത്തെ 27സംസ്ഥാനങ്ങളിലെ വ്യത്യസ്ത തൊഴിൽ മേഖലകളിൽ നിന്നായി 1200ലധികം പ്രതിനിധികൾ പങ്കെടുത്ത സമ്മേളനം തൊഴിലാളിവർഗവും പൊ

*(ശേഷം 11–ാം പേജിൽ)*

## അനർഹർ പെൻഷൻ കൈപ്പറ്റുന്നു എന്ന പ്രചാരണം

# ക്ഷേമപെൻഷൻ നിഷേധിക്കുന്നതിനുള്ള ആസൂത്രിത നീക്കം

**കേരളസർക്കാർ നൽകുന്ന ക്ഷേമപെൻഷൻ അനർഹർ തട്ടിയെടുക്കുന്നു എന്ന തരത്തിലുള്ള ആസൂത്രിതമായ ഒരു പ്രചാരവേല ഏതാനും ആഴ്ചകളായി സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുകയാണ്. ധനകാര്യ വകുപ്പിൽനിന്നു കിട്ടിയ വിവരം എന്നനിലയിൽ ആദ്യം നടന്ന പ്രചാരണം, സർക്കാർ ജീവനക്കാർ ക്ഷേമപെൻഷൻ ചോർത്തിക്കൊണ്ടു പോകുന്നു എന്നതരത്തിലുള്ളതായിരുന്നു. പിന്നീടത് ബിഎംഡബ്ല്യു കാറുള്ളവർവരെ ക്ഷേമപെൻഷൻ കൈപ്പറ്റുന്നു എന്ന തരത്തിലായി. ഇത്തരത്തിൽ നടക്കുന്ന പ്രചാരണത്തിന്റെ ലക്ഷ്യം എന്താണ്? യാഥാർത്ഥ്യമെന്താണ്?**

**1458** ജീവനക്കാർ ക്ഷേമ പെൻഷൻ വാങ്ങുന്നുവെന്നാണ് ഇപ്പോൾ പുറത്തുവന്നിട്ടുള്ള വാർത്ത വ്യക്തമാക്കുന്നത്. അതായത് 5 ലക്ഷത്തിലധികം വരുന്ന സർക്കാർ ജീവനക്കാരിൽ വെറും 0.29 ശതമാനം പേർ അനർഹമായി പെൻഷൻ വാങ്ങുന്നുവെന്നാണ് വാർത്തതന്നെസ്ഥിരീകരിക്കുന്നത്. എന്നാൽ വാർത്തയുടെ വമ്പിച്ച മാനം സൃഷ്ടിക്കുന്ന പ്രതീതി, സർക്കാർ ജീവനക്കാരിൽ വലിയൊരുവിഭാഗം പെൻഷൻ തട്ടിയെടുക്കുന്ന എന്നതരത്തിലാണ്.

സാമൂഹ്യ സുരക്ഷാ പെൻഷൻ, സംസ്ഥാനക്ഷേമപെൻഷൻഎന്നിങ്ങനെ സംസ്ഥാനത്ത് രണ്ടുതരം പെൻഷൻ നിലവിലുണ്ടെന്ന് ആദ്യം മനസ്സിലാക്കണം. ഇതിൽ സാമൂഹ്യസുരക്ഷാ പെൻഷൻ, പ്രായപരിഗണനയില്ലാതെ അവശതയനുഭവിക്കുന്ന വിഭാഗങ്ങൾക്ക് – പ്രധാനമായും അംഗപരിമിതർക്കും വിധവകൾക്കും–നൽകുന്ന പെൻഷനാണ്. അതായത് കേരളത്തിൽ ആർക്കെങ്കിലും 60 വയസ്സിനുമുമ്പ് പെൻഷൻ ലഭിക്കുന്നുണ്ടെങ്കിൽ അത് വിധവകൾക്കും അംഗപരിമിതർക്കും മാത്രമാണ്. അതായത്, സർക്കാർ ജീവനക്കാർ ആരെങ്കിലും അനർഹമായി പെൻഷൻ വാങ്ങുന്നുണ്ടെങ്കിൽ അത് വികലാംഗ പെൻഷനോ വിധവാ പെൻഷനോ മറ്റ് ശാരീരിക അവശതകൾ അനുഭവിക്കുന്നവർക്കുള്ള പെൻഷനോ ഉൾപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ മാത്രമാണ്. ജോലി ലഭിക്കുന്നിടംവരെ ഈ പെൻഷൻ ലഭിക്കാൻ ഏറ്റവും അർഹതയുള്ളവരായിരുന്നു അവർ. സമൂഹത്തിന്റെ കരുതലും കാരുണ്യവുമില്ലാതെ ജീവിക്കാൻ ഗതി

*(ശേഷം 2–ാം പേജിൽ)*


പേജ് 5 – ഭാവി പ്രക്ഷോഭങ്ങൾക്ക് പ്രതിജ്ഞ ചെയ്ത് ജനകീയ പ്രതിരോധ കൺവൻഷൻ

പേജ് 8 – സിഒപി29: പരാജയപ്പെട്ട മറ്റൊരു കാലാവസ്ഥ ഉച്ചകോടി

## അനർഹർ പെൻഷൻ കൈപ്പറ്റുന്നു എന്ന പ്രചാരണം

# ശമ്പളവും തൊഴിലവകാശങ്ങളുമില്ലാത്ത ഒരു വിഭാഗമായി സർക്കാർ ജീവനക്കാരെ മാറ്റിയാൽ, അസംഘടിത മേഖലയിൽ നിർദ്ദയമായ ചൂഷണത്തിന് ആയാസരഹിതമായി വഴി തുറക്കപ്പെടും

(1–ാം പേജിൽ നിന്ന്)

യില്ലാത്തവരായിരുന്നു അവർ. ജോലി ലഭിച്ചതിനുശേഷവും ഈ സാധാരണക്കാർ പെൻഷൻ കൈപ്പറ്റിയെങ്കിൽ അത് ചട്ടവിരുദ്ധമാണെന്നതിൽ ഒരു തർക്കവുമില്ല. എന്നാൽ അതിന്റെ പേരിൽ ആക്ഷേപിക്കപ്പെടേണ്ടവരോ നിന്ദിക്കപ്പെടേണ്ടവരോ അല്ല അവർ. സമൂഹത്തിന്റെ മുമ്പിൽ കുറ്റവാളികളായി വിചാരണ ചെയ്യപ്പെടേണ്ടവരുമല്ല. ഒരു വാർത്തപോലുമാക്കാതെ അവരെ വിളിച്ചുവരുത്തി ഈ ചട്ടലംഘനം തിരുത്താൻ, അനർഹമായി കൈപ്പറ്റിയ തുക തിരികെ വാങ്ങാൻ നടപടി സ്വീകരിക്കാതെ, ബിഎംഡബ്ല്യു കാറുള്ള സമ്പന്നർവരെ പെൻഷൻ വാങ്ങുന്നു എന്നതരത്തിൽ പ്രചാരണം നടത്തുന്നതെന്തുകൊണ്ടാണ്?

ചട്ടവിരുദ്ധമായി പെൻഷൻ കൈപ്പറ്റിയ 1458 ജീവനക്കാരുടെ സ്ഥിതി മനസ്സിലാക്കാൻ സഹായകരമായ ഒരു ഉദാഹരണം വേദനയോടെ ഇവിടെ സൂചിപ്പിക്കാം. ജീവനക്കാർ പെൻഷൻ തട്ടിയെടുക്കുന്നു എന്ന സ്തോഭജനകമായ വാർത്ത വന്നതിനെത്തുടർന്ന്, സർക്കാർ ഉണർന്നു പ്രവർത്തിക്കുകയാണെന്ന് നാട്ടുകാരെ ബോദ്ധ്യപ്പെടുത്താൻ ഡിസംബർ എട്ടാം തീയതി കാസർകോഡ് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസിലെ അറ്റൻഡന്റ് സാജിത കെ.എ.യെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി. മൂന്ന് പെൺകുട്ടികളുടെ മാതാവായ ഈ ജീവനക്കാരിയുടെ രണ്ടാമത്തെ മകൾ പത്തുവയസ്സുകാരി നഫീസത്ത് റിംഷ സെറിബ്രൽ പാൾസി ബാധിച്ച് രോഗശയ്യയിലാണ്. സാജിത ജോലിയിൽ പ്രവേശിക്കുന്നതിനു മുമ്പേതന്നെ ഈ കുട്ടിക്ക് സാമൂഹ്യ സുരക്ഷാ പെൻഷനായ 1100 രൂപ പ്രതിമാസം ലഭിക്കുന്നുണ്ടായിരുന്നു. ഒപ്പിടാനോ വിരലടയാളം പതിപ്പിക്കാനോ സാധ്യമല്ലാത്ത വിധം ശാരീരിക വൈകല്യമുള്ള മകളുടെ പെൻഷൻ, മാതാവായ സാജിതയുടെ ബാങ്ക് അക്കൗണ്ടിലാണ് വന്നുകൊണ്ടിരുന്നത്. ജോലി ലഭിച്ചതിനുശേഷവും കുട്ടിയുടെ പെൻഷൻ തുകയായ 7800 രൂപ സാജിത കൈപ്പറ്റി എന്ന പേരിലാണ് ഇപ്പോൾ സസ്പെൻഷൻ നടപടി ഉണ്ടായിരിക്കുന്നത്. പിതാവാകട്ടെ കൂലിപ്പണിക്കുപോലും പോകാനാകാതെ ഈ കുട്ടിയെ പരിചരിക്കുന്ന ജോലിയിൽ മുഴുകേണ്ടിവന്നിരിക്കുന്നു. പരമദരിദ്രമായ ഈ കുടുംബത്തിന്റെ ഏക ആശ്രയമായിരുന്ന ജോലിയിൽ നിന്നാണ് ഇപ്പോൾ പുറത്താക്കപ്പെട്ടിരിക്കുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടവിരുദ്ധമായി കൈപ്പറ്റിയിട്ടുള്ള ഒരു ഗതിയുമില്ലാത്ത ജീവനക്കാരുടെ യഥാർത്ഥ പ്രതിനിധിയാണ് കാസർകോട്ടെ സാജിത.

1458 ജീവനക്കാർ ചട്ടവിരുദ്ധമായി വാങ്ങിയ പെൻഷൻ സംസ്ഥാന ക്ഷേമ പെൻഷനല്ല. ക്ഷേമനിധി ബോർഡുകളിൽ നിന്നും 60 വയസ്സ് കഴിഞ്ഞവർക്കു മാത്രമുള്ളതാണ് സംസ്ഥാന ക്ഷേമ പെൻഷൻ എന്നതിനാൽ, സംസ്ഥാന ക്ഷേമ പെൻഷൻ വാങ്ങുന്ന ഒരു സർക്കാർ ജീവനക്കാരൻ പോലും നിലവിലില്ല. 60 വയസ്സിനു മുകളിലുള്ള ഒരാളുപോലും സർക്കാർ സർവ്വീസിൽ ഇല്ലല്ലോ. ഈ യാഥാർത്ഥ്യം മറച്ചുവെച്ചുകൊണ്ട് സാമൂഹ്യ സുരക്ഷാ പെൻഷനെന്നു പറയാതെ, ജീവനക്കാർ ക്ഷേമപെൻഷൻ തട്ടിയെടുക്കുന്നു എന്ന് കൊട്ടത്താപ്പിൽ പ്രചാരണം നടത്തുന്നതിന്റെ പിറകിൽ നീചമായ ലക്ഷ്യമുണ്ട്.

ജനങ്ങളുടെ ദൃഷ്ടിയിൽ ക്ഷേമപെൻഷൻ എന്ന് പറഞ്ഞാൽ വാർദ്ധക്യ പെൻഷനും ക്ഷേമനിധികളിൽനിന്ന് കിട്ടുന്ന പെൻഷനുമൊക്കെയാണ്. ഇത് വികലാംഗ പെൻഷനും വിധവാപെൻഷനും ആണെന്ന് പറഞ്ഞാൽ ജനങ്ങളിൽ തെറ്റിദ്ധാരണയും പ്രതിഷേധവും ഉണ്ടാക്കാൻ കഴിയില്ല. അതിനാലാണ് ഇക്കാര്യം മറച്ചുവയ്ക്കുന്നത്. ജീവനക്കാർ ഏതോ നിയമവിരുദ്ധ മാർഗ്ഗത്തിൽ ക്ഷേമപെൻഷൻ തട്ടിയെടുക്കുന്നു എന്ന് പ്രചരിപ്പിച്ച് തെറ്റിദ്ധാരണ പരത്തുകയാണ് ലക്ഷ്യം.

രണ്ടാമത്തെ വിഷയം, സ്പാർക്ക് സോഫ്റ്റ്‌വെയറിലും പെൻഷൻ നൽകുന്ന സേവന സോഫ്റ്റ്‌വെയറിലും ആധാർ സാമ്യപ്പെടുത്തിയപ്പോൾ ആണ് ഈ കുഴപ്പം കണ്ടുപിടിച്ചത്. എന്നാൽ ഇതിനോടകം എത്ര പേർ, എത്ര രൂപ അനർഹമായി പെൻഷൻ കൈപ്പറ്റിയിട്ടുണ്ട് എന്ന വിവരം ഈ നിമിഷംവരെയും സർക്കാർ പ്രസിദ്ധീകരിച്ചിട്ടില്ല. അപ്പോൾ വാർത്ത അർദ്ധസത്യമാണ്, കൃത്യമായ തെളിവോടെയുള്ളതല്ല. അനർഹമായി പെൻഷൻ പറ്റുന്ന ജീവനക്കാർ ആരെങ്കിലുമുണ്ടെങ്കിൽ അവർക്കെതിരെ ചട്ടപ്രകാരമുള്ള നടപടി കൈക്കൊള്ളണം. പക്ഷേ അത് അങ്ങേയറ്റം മാനുഷിക പരിഗണനകൾ മാനദണ്ഡമാക്കിക്കൊണ്ടാവണം. എന്നാൽ ഈ സമീപനമല്ല, സർക്കാർ സ്വീകരിക്കുന്നത്. ജീവനക്കാർ ക്ഷേമപെൻഷൻ തട്ടിയെടുക്കുന്നു എന്നതരത്തിൽ വലിയൊരു പ്രചാരണമാക്കി മാറ്റാൻ സർക്കാർ ഉൽസാഹപൂർവ്വം ശ്രമിക്കുന്നതാണ് നാം കാണുന്നത്.

**ജോലിഭാരംകൊണ്ടും ഡിഎയും മറ്റ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടും വലിയ പ്രതിസന്ധിയിലായ ജീവനക്കാരെ, അനർഹമായി ആനുകൂല്യങ്ങൾ പറ്റുന്നവർ എന്ന നിലയിൽ അപമാനിച്ച്, ശമ്പളപരിഷ്ക്കരണവും ഡിഎയും നൽകുന്നതിനെതിരെ പൊതുജനാഭിപ്രായം ഉണ്ടാക്കുക എന്ന ഗൂഢലക്ഷ്യം സർക്കാരിനുണ്ട്. അതോടൊപ്പം സർക്കാർ നൽകിക്കൊണ്ടിരിക്കുന്ന നാമമാത്രമായ ക്ഷേമപെൻഷനുകൾ പരിമിതപ്പെടുത്തുക എന്നുള്ള മറ്റൊരു ലക്ഷ്യവും ഈ പ്രചാരണത്തിനു പിന്നിലുണ്ട്**

### എന്താണ് യാഥാർത്ഥ്യം

അംഗപരിമിതർക്കും വിധവകൾക്കും ജോലി സംവരണം നിലനിൽക്കുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി താൽക്കാലികമായി ദിവസവേതനക്കാരായി ജോലിയിൽ പ്രവേശിക്കുന്നവരാണ് അവരിൽ ഏറെപ്പേരും. കുറച്ചുനാളത്തേക്ക് മാത്രമുള്ള ജോലിയായതിനാൽ ഇവരിൽ പലരും ക്ഷേമപെൻഷൻ ഉപേക്ഷിച്ചിട്ടുണ്ടാവില്ല. ഇതിനുപുറമേ, സ്ഥിരജോലിയിൽ പ്രവേശനം ലഭിച്ചവരിൽ ബോധപൂർവ്വം പെൻഷൻ നിലനിർത്തിയവരും ഉണ്ടാകാം. ഇവരുടെ അടക്കം ശമ്പളം ഇപ്പോൾ സ്പാർക്ക് മുഖേനെയാണ് നൽകുന്നത് എന്നതിനാൽ രണ്ട് സോഫ്റ്റ്‌വെയറിലും ഇവരുടെ പേരും ആധാർ നമ്പരും ഉണ്ടാവും. എന്നാൽ പെൻഷൻ ലഭിക്കണമെങ്കിൽ വർഷംതോറുമുള്ള മസ്റ്ററിംഗ് എന്ന കടമ്പയുണ്ടല്ലോ. അവിടെയും അത് കണ്ടെത്താതെ പോയിട്ടുണ്ടെങ്കിൽ ഭരണാധികാരതലത്തിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ടെന്നാണ് വ്യക്തമാകുന്നത്. മുകളിൽ സൂചിപ്പിച്ച ഘടകങ്ങളാൽ സംഭവിച്ച ഈ സാഹചര്യത്തെ, അസ്വാഭാവികമായ നിലയിൽ പെരുപ്പിക്കുകയും ഒരു വലിയ പ്രചാരവേലയാക്കി മാറ്റുന്നതിന്റെയും പിറകിൽ സർക്കാരിനു വ്യക്തമായ അജണ്ടയുണ്ട്.

സർക്കാർ ജീവനക്കാരെ, സാധാരണ ജനങ്ങളുടെ ശത്രുക്കളായി ചിത്രീകരിക്കാൻ നവലിബറൽ കാലഘട്ടത്തിലെ എല്ലാ സർക്കാരുകളും കിണഞ്ഞ് പരിശ്രമിക്കുന്നത് നമുക്ക് കാണാൻ കഴിയും. എ.കെ. ആന്റണി സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ച്, ഇപ്പോൾ തീവ്രമായ നിലയിലെത്തിയിരിക്കുന്ന ഈ പ്രചാരണം കൃത്യമായ നവലിബറൽ അജണ്ടയോടെ നടപ്പാക്കുന്ന ഒന്നാണ്. 'ആത്മാർത്ഥതയും സത്യസന്ധതയുമില്ലാത്ത, പണിയെടുക്കാത്ത ജീവനക്കാരെ എന്തിനു നിലനിർത്തണം' എന്ന ചോദ്യമാണ് പരോക്ഷമായി സർക്കാർ ഉയർത്തുന്നത്. സർക്കാർ സർവ്വീസിനെ മെലിയിപ്പിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കലാണ് അത്. അനർഹമായി ആനുകൂല്യങ്ങൾ കൈപ്പറ്റുന്നവരെന്ന നിലയിൽ ജീവനക്കാരെ ആസൂത്രിതമായി അവതരിപ്പിക്കുന്നു. ശമ്പളവും ആനുകൂല്യങ്ങളും തൊഴിലവകാശങ്ങളുമില്ലാത്ത ഒരു വിഭാഗമായി സർക്കാർ ജീവനക്കാരെ മാറ്റിയാൽ, അസംഘടിത മേഖലയിൽ എല്ലാത്തരം അവകാശങ്ങളും നിഷേധിച്ചുകൊണ്ട് നിർദ്ദയമായ ചൂഷണത്തിന് ആയാസരഹിതമായ വഴി തുറക്കാമെന്ന് അവർ കണക്കുകൂട്ടുന്നു.

ജോലി ഭാരംകൊണ്ടും ഡിഎയും മറ്റ് ആനുകൂല്യങ്ങളും നിഷേധിക്കപ്പെട്ടും വലിയ പ്രതിസന്ധിയിലായ ജീവനക്കാരെ, അനർഹമായി ആനുകൂല്യങ്ങൾ പറ്റുന്നവർ എന്ന നിലയിൽ അപമാനിച്ച്, ശമ്പളപരിഷ്കരണവും ഡിഎയും നൽകുന്നതിനെതിരെ പൊതുജനാഭിപ്രായം ഉണ്ടാക്കുക എന്ന ഗൂഢലക്ഷ്യം സർക്കാരിനുണ്ട് എന്നത് വ്യക്തമാണ്. പക്ഷേ അതിനുമപ്പുറം സർക്കാർ നൽകിക്കൊണ്ടിരിക്കുന്ന ക്ഷേമപെൻഷനുകൾ പരിമിതപ്പെടുത്തുക എന്നുള്ള മറ്റൊരു ലക്ഷ്യവും ഈ പ്രചാരണത്തിനു പുറകിൽ ഉണ്ട്. പലതരത്തിലുള്ള സർട്ടിഫിക്കറ്റുകളും നിയന്ത്രണങ്ങളും കൊണ്ടുവന്ന് സാധാരണക്കാർക്ക് ക്ഷേമ പെൻഷൻ നിഷേധിക്കുക എന്നുള്ളത് പിണറായി സർക്കാരിന്റെ നയമാണ്.

### കുറഞ്ഞുകൊണ്ടിരിക്കുന്ന ക്ഷേമ പെൻഷൻ വിഹിതം

2023 ജൂണിൽ പെൻഷൻ ലഭിച്ചവരെ അപേക്ഷിച്ച്, ജൂലൈയിൽ പെൻഷൻ ലഭിച്ചവരുടെ എണ്ണം 5,92,596 കുറവായിരുന്നു എന്ന് റിപ്പോർട്ടുകൾ വന്നിരുന്നു. സേവന പോർട്ടൽ എന്ന സർക്കാരിന്റെ പെൻഷൻ വിതരണ സൈറ്റിൽനിന്ന് ലഭ്യമായ 2021 മുതൽ 2023 വരെയുള്ള വിവരപ്രകാരം, വിതരണംചെയ്ത പെൻഷൻ തുക വർഷംതോറും ക്രമമായി കുറഞ്ഞുവരുന്നതായി കാണാൻ കഴിയും.

| വർഷം | കർഷകതൊഴിലാളി പെൻഷൻ(രൂപ) | വാർദ്ധക്യ പെൻഷൻ (രൂപ) |
| --- | --- | --- |
| 2021 | 95,04,83,300 | 3915,12,12,000 |
| 2022 | 71,97,64,400 | 3647,21,70,500 |
| 2023 | 50,81,82,900 | 3331,54,33,900 |

കർഷകതൊഴിലാളി പെൻഷനിൽ 44,23,00,400 രൂപയുടെ കുറവും വാർദ്ധക്യ പെൻഷനിൽ 583,57,78,100 രൂപയുടെ കുറവും കാണാൻ കഴിയും. എന്താണ് ഈ കുറവിന്റെ കാരണം എന്നത് പരിശോധിക്കുമ്പോൾ സേവന പോർട്ടലിൽ തന്നെ ഉത്തരവും ലഭിക്കും. ഈ സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന 2020 സെപ്റ്റംബർ 23ന് ഇറങ്ങിയ ധനകാര്യ വകുപ്പിന്റെ 97/2020 ഉത്തരവ് പ്രകാരം, ക്ഷേമനിധി ബോർഡുകളിൽനിന്ന് പെൻഷനുകൾ കൈപ്പറ്റുന്നവർക്ക് സാമൂഹിക ക്ഷേമപെൻഷൻ പരിമിതപ്പെടുത്തികൊണ്ട് വ്യവസ്ഥകൾ ഏർപ്പെടുത്തി. 22/09/2022 ലെ 162/2022, 03/10/2022 ലെ 170/2022 തുടങ്ങി പിന്നീടുവന്ന നിരവധി ഉത്തരവുകളിലൂടെ ഇത്തരം നിയന്ത്രണങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കുന്നു. പലകാരണങ്ങളാൽ കുടിശ്ശികയാകുന്ന പെൻഷൻ പിന്നീട് നൽകാതിരിക്കുക, മരണമടയുമ്പോൾ കുടിശ്ശിക പെൻഷൻ അവകാശികൾക്ക് നിഷേധിക്കുക തുടങ്ങി പല ക്രൂരവിദ്യകളും കാട്ടി പെൻഷൻ നൽകാതിരിക്കുന്നതിനായുള്ള ഗവേഷണമാണ് മുന്നേറുന്നത്. അതിന്റെ ഭാഗമാണ് ക്ഷേമപെൻഷനെ മുൻനിർത്തിയുള്ള ഇപ്പോൾ നടക്കുന്ന പ്രചാരണം.

ഇനി ഏതുവിഭാഗത്തെ ഒഴിവാക്കും എന്ന അന്വേഷണത്തിലാണ് സർക്കാർ. ഉദാഹരണത്തിന്, പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് എക്സിക്യൂട്ടീവ് കേഡറിൽ വിരമിച്ച, 4000 രൂപക്ക് താഴെ ഇപിഎഫ് പെൻഷൻ വാങ്ങുന്നവർക്ക് ഇപ്പോൾ 600 രൂപ ക്ഷേമനിധിബോർഡ് പെൻഷൻ നൽകാമെന്നു വ്യവസ്ഥയുണ്ട്. അത് ഇല്ലാതാക്കാൻ ഏതാണ്ട് തീരുമാനമായിട്ടുണ്ട്. കൂടാതെ 600 രൂപ വച്ച് അധിക പെൻഷൻ വാങ്ങുന്ന എൻപിഎസ് പെൻഷൻകാരെയും ഒഴിവാക്കുന്നതും സർക്കാർ ലക്ഷ്യംവയ്ക്കുന്നു. ഫലത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷനും സംസ്ഥാന ക്ഷേമ പെൻഷനും പരമാവധി നിഷേധിക്കുക എന്നതാണ് ഈ നടപടികളുടെയെല്ലാം ലക്ഷ്യം. ■

## മഹാരാഷ്ട്ര തിരഞ്ഞെടുപ്പ്

# ഗുരുതരമായ പാകപ്പിഴകൾ ഉയർത്തുന്ന സുപ്രധാന ചോദ്യങ്ങൾ

**2024** നവംബർ 20ന് ഒറ്റ ഘട്ടമായി നടന്ന മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിൽ, ബിജെപി, ശിവസേന (ഷിൻഡെ വിഭാഗം), അജിത് പവാർ നയിക്കുന്ന എൻസിപി എന്നിവ ഉൾപ്പെടുന്ന ഭരണകക്ഷിയായ മഹായുതി സഖ്യം നിർണ്ണായക വിജയം നേടി. 288ൽ 230 സീറ്റുകൾ അവർ നേടിയപ്പോൾ ബിജെപി ഒറ്റയ്ക്ക് 132 സീറ്റുകൾ പിടിച്ചെടുത്തു. 5 മാസം മുമ്പുനടന്ന പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ ഫലങ്ങളുമായി പൊരുത്തപ്പെടാത്തതിനാൽ ഈ ഫലം പലരെയും അമ്പരപ്പിച്ചു. അന്ന്, കോൺഗ്രസ്, ശിവസേന (ഉദ്ധവ്), എൻസിപി (ശരദ് പവാർ) എന്നീ പാർട്ടികൾ ചേർന്ന സഖ്യമായ മഹാവികാസ് അഘാഡി (എംവിഎ) 48 പാർലമെന്റ് സീറ്റുകളിൽ 30 എണ്ണം നേടിയപ്പോൾ മഹായുതി സഖ്യത്തിന് 17 എണ്ണം മാത്രമേ നേടാനായുള്ളൂ. പാർലമെന്റ് തിരഞ്ഞെടുപ്പിനേക്കാൾ 32,80,000 വോട്ടാണ് എംവിഎക്ക് നിയമസഭാ തിരഞ്ഞെടുപ്പിൽ കുറഞ്ഞത്. ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൊതുജനാഭിപ്രായത്തിൽ ഇത്തരമൊരു വിപരീത ഒഴുക്കുണ്ടാകുന്നത് തീർച്ചയായും അമ്പരപ്പിക്കുന്നതാണ്.


എല്ലാ മുൻതിരഞ്ഞെടുപ്പുകളെയും പോലെ, കുതിച്ചുയരുന്ന വിലക്കയറ്റം, വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ, അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ വരുമാനം കുറയൽ, സ്ത്രീകൾക്കെതിരായി വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ തുടങ്ങി ജനങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങളൊന്നും പ്രചാരണത്തിൽ ചർച്ചയായില്ല. പകരം, നമ്മുടെ തിരഞ്ഞെടുപ്പുകളിലെ സമീപകാല പ്രവണതയായ, സൗജന്യങ്ങൾ വാഗ്ദാനം ചെയ്യുന്ന ഒരു മത്സരം ധാരാളിത്തത്തോടെ ഉയർന്നുവന്നു. മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിൽ മഹായുതി സഖ്യം വിവിധ സൗജന്യങ്ങളടക്കം നിരവധി വാഗ്ദാനങ്ങൾ നൽകുകയും ചെയ്തു. 'ലഡ്കി ബഹിൻ' പദ്ധതിയുടെയും മുതിർന്ന പൗരന്മാരുടെ പെൻഷൻ സഹായത്തിന്റെയും തുക പ്രതിമാസം 1500 രൂപയിൽ നിന്ന് 2,100 രൂപയായി വർധിപ്പിക്കുമെന്നും കർഷകർക്കുള്ള പ്രതിമാസ സഹായം നിലവിലെ 12,000 രൂപയിൽ നിന്ന് 15,000 രൂപയായി ഉയർത്തുമെന്നും വാഗ്ദാനമുണ്ടായി. കുറഞ്ഞ താങ്ങുവിലയേക്കാൾ 20% അധികം സബ്സിഡി നൽകുമെന്ന ഉറപ്പ് ഇതിനു പുറമേയുണ്ട്.

പ്രതിപക്ഷമായ എംവിഎയും പിന്നിലായില്ല. പ്രതിമാസം 3,000 രൂപയുടെ നേരിട്ടുള്ള പണം കൈമാറ്റം, സ്ത്രീകൾക്ക് സൗജന്യ ബസ് യാത്ര, 3 ലക്ഷം രൂപ വരെയുള്ള കാർഷിക കടം എഴുതിത്തള്ളൽ എന്നിവയുൾപ്പെടെ അവരുടെ 'ലോക്സേവെച്ചി പഞ്ചസൂത്രി' പരിപാടിയുടെ കീഴിൽ നിരവധി ആനുകൂല്യങ്ങൾ അവരും വാഗ്ദാനം ചെയ്തു. കൂടാതെ, വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 50,000 രൂപയുടെ അധിക ഇളവ്, തൊഴിൽരഹിതരായ യുവാക്കൾക്ക് 4,000 രൂപ വീതം സഹായം, പാവപ്പെട്ടവർക്ക് 25 ലക്ഷം രൂപവരെ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ എന്നിവയും വാഗ്ദാനം ചെയ്തു.

സൗജന്യങ്ങളാണ് നിർണായക ഘടകമെങ്കിൽ, മഹായുതി സഖ്യത്തെ മറികടന്ന് അഘാഡി സഖ്യം വിജയിക്കാനുള്ള സാധ്യതയുണ്ടായിരുന്നു. എന്നാൽ അങ്ങനെ സംഭവിച്ചിട്ടില്ല. അഘാഡിക്കുള്ളിൽ 25 സീറ്റുകളെച്ചൊല്ലി അവസാന നിമിഷം ഉടലെടുത്ത തർക്കം സഖ്യത്തിനുള്ളിൽ വിള്ളലുണ്ടാക്കി എന്ന സന്ദേശമാണ് നൽകുന്നതെന്നും അതിനാലാണ് പരാജയമെന്നും ചില കോണുകളിൽനിന്നും അഭിപ്രായമുണ്ടായി. എന്നാൽ മഹായുതിക്കുള്ളിലും സീറ്റ് വിഭജനത്തിൽ ഇത്തരം അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നു. അതിനാൽ, ഈ ഘടകം സമ്മതിദാന താത്പര്യങ്ങളെ സ്വാധീനിച്ചിരിക്കാൻ സാധ്യതയില്ല.

ധ്രുവീകരണത്തിന്റെ നേട്ടം കൊയ്യാൻ മത-ജാതി-വംശീയ തലങ്ങളിൽ ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാനുള്ള തന്ത്രമാണ് അടുത്തത്. എന്ത് വിലകൊടുത്തും തിരഞ്ഞെടുപ്പിൽ വിജയിക്കണമെന്ന വ്യാമോഹത്തോടെ, അത്തരം ധ്രുവീകരണത്തെ ലക്ഷ്യമാക്കി, 'ഹിന്ദു ഐക്യത്തിനും ഒബിസി ഏകീകരണത്തിനും' ആഹ്വാനം ചെയ്തുകൊണ്ട് ബിജെപി പരസ്യമായി വർഗീയ, ജാതീയ കാർഡ് കളിച്ചു. പ്രധാനമന്ത്രി മോദി, "ഏക് ഹേ തോ സേഫ് ഹേ" (ഒരുമിച്ച്, ഞങ്ങൾ സുരക്ഷിതരാണ്) എന്ന മുദ്രാവാക്യം സൃഷ്ടിച്ചത് ഹിന്ദു ജനതയെ ലക്ഷ്യം വച്ചാണ്. ന്യൂനപക്ഷ സമുദായങ്ങൾക്കെതിരായ ക്രൂരമായ വാക്കുകൾക്ക് പേരുകേട്ട, കാവി വസ്ത്രധാരിയായ യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥാകട്ടെ, മറ്റ് പിന്നോക്ക വിഭാഗങ്ങളെ ആകർഷിക്കാൻ സമാന്തരമായി മറ്റൊരു മുദ്രാവാക്യവും - "ബത്തേങ്കേ തോ കാറ്റേംഗേ" (വിഭജിക്കപ്പെട്ടാൽ നമ്മൾ കശാപ്പുചെയ്യപ്പെടും) ഉയർത്തി.

പാർലമെന്റ് തിരഞ്ഞെടുപ്പിൽ അൽപ്പം നിഷ്ക്രിയമായി നിലകൊണ്ട ആർഎസ്എസ് ഇത്തവണ മഹാരാഷ്ട്രയിലുടനീളം ജനകീയ പിന്തുണ സമാഹരിച്ച് മഹായുതിക്ക് പിന്നിൽ സംഘടനാപരമായ പിന്തുണ നൽകി എന്നതാണ് മറ്റൊരു ശ്രദ്ധേയമായ സവിശേഷത. ആർഎസ്എസ് നിരവധി ചെറിയ യോഗങ്ങൾ സംഘടിപ്പിക്കുകയും "സജാഗ് രഹോ" (ജാഗ്രത പുലർത്തുക, ഉണർന്നിരിക്കുക) എന്ന പ്രചാരണം ആരംഭിക്കുകയും ചെയ്തു, ഇത് നിയമസഭാ തിരഞ്ഞെടുപ്പിൽ ബിജെപിയുടെ മുന്നേറ്റത്തിന് കരുത്തേകി. മറാഠാ വോട്ടർമാരിൽ നിന്ന് ഗണ്യമായ പിന്തുണ ഉറപ്പാക്കുന്നതിന്, 'അവരുടെ ആശങ്കകൾ നേരിട്ട് അഭിസംബോധന ചെയ്യുന്ന' പ്രതീതി നൽകി, മറാത്ത സംവരണ കാർഡും അവരിറക്കി. ഇത് ബിജെപിയുടെ തിരഞ്ഞെടുപ്പ് വിജയത്തിൽ നിർണായക ഘടകമായിരിക്കാം. എന്നാൽ വോട്ടെണ്ണലിൽ വന്നിരിക്കുന്ന അപാകതയാണ് ഇപ്പോൾ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. പോൾ ചെയ്ത വോട്ടുകളുടെ മാർജിനിൽ വിശദീകരിക്കാനാകാത്ത വ്യത്യാസം ഉന്നയിക്കപ്പെട്ടിരിക്കുന്നു. വോട്ടർ ഡാറ്റയിലെ തിരിമറി, ഇലക്ട്രോണിക് തിരഞ്ഞെടുപ്പ് യന്ത്രത്തിലെ കൃത്രിമം, നടപടിക്രമങ്ങളിലെ പിഴവ് എന്നീ ആരോപണങ്ങളാൽ നിറഞ്ഞതാണ് ഈ തിരഞ്ഞെടുപ്പ്. പ്രതിപക്ഷത്തിന്റെ ആരോപണമനുസരിച്ച്, ഇതുകൊണ്ടും തൃപ്തരാകാതെ ബിജെപിയും സഖ്യകക്ഷികളും പ്രതിപക്ഷ അനുഭാവികളുടെ വോട്ടുകൾ ഇല്ലാതാക്കാനും വ്യാജ വോട്ടർമാരെ ചേർക്കാനും വരെ ശ്രമിച്ചിട്ടുണ്ട്.




കഴിഞ്ഞ ഒക്ടോബർ 19ന്, ഭരണകക്ഷിയായ ബിജെപി, ഭരണനേതൃത്വത്തിന്റെയും കണ്ണടച്ചിരിക്കുന്ന തിരഞ്ഞെടുപ്പുകമ്മീഷന്റെയും പിന്തുണയോടെ വോട്ടർ പട്ടികയിൽ കൃത്രിമം കാണിക്കുകയാണെന്ന് ആരോപിച്ച് എംവിഎ ഘടകകക്ഷികൾ തിരഞ്ഞെടുപ്പ് കമ്മീഷന് കത്തയച്ചിരുന്നു. പല നിയോജക മണ്ഡലങ്ങളിലും, എംവിഎ അനുഭാവികളായി തിരിച്ചറിയപ്പെട്ട 10000 ത്തോളം വോട്ടർമാരുടെ പേരുകൾ ഇല്ലാതാക്കി പകരം തുല്യ എണ്ണം വ്യാജ വോട്ടർമാരെ തിരുകിക്കയറ്റിയെന്ന് അവർ ആരോപിക്കുന്നു. പാർലമെന്റ് തിരഞ്ഞെടുപ്പിനുശേഷം സംസ്ഥാനത്ത് വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കിയ എംവിഎ അനുഭാവികളുടെ ആകെ എണ്ണം ഏകദേശം 30,00,000 ആയിരിക്കുമെന്ന് സംശയിക്കുന്നു. 2024 ലെ പാർലമെന്റ് തിരഞ്ഞെടുപ്പിന് ശേഷം അഞ്ച് മാസത്തിനുള്ളിൽ മഹാരാഷ്ട്രയിലെ മൊത്തം വോട്ടർമാരുടെ എണ്ണം 47,00,000 വർദ്ധിച്ചതായി പ്രതിപക്ഷം ആരോപിക്കുന്നു. ഈ 47,00,000 "പുതിയ" വോട്ടർമാർ ബിജെപി വോട്ടുകൾ വർധിപ്പിക്കുന്നതിൽ കാര്യമായ പങ്കുവഹിച്ചിട്ടുണ്ടാകുമെന്ന് അവർ സംശയം പ്രകടിപ്പിച്ചു.

സംശയാസ്പദമായ മറ്റൊരുകാര്യം, പോളിംഗ് ദിവസം വൈകുന്നേരം 5 മണിക്ക് (പോളിങ് അവസാനിക്കുന്നതിന് ഒരു മണിക്കൂർ മുമ്പ്) പോളിങ് ശതമാനം 58.22% ആണെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ റിപ്പോർട്ട് ചെയ്തു എന്നതാണ്. എന്നാൽ, അതേ രാത്രി 11:30 ആയപ്പോഴേക്കും ഇത് 65.02% ആയി ഉയർന്നു. അടുത്ത ദിവസമായ നവംബർ 21 ആയപ്പോഴേക്കും ഇത് 66.05% ആയി പുതുക്കി. അക്കങ്ങളിലേക്ക് വിവർത്തനം ചെയ്താൽ, 8% എന്ന ഈ വ്യത്യാസം 76 ലക്ഷം വോട്ടുകളാണ്. അതായത്, തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ വോട്ടർ ഡാറ്റ പ്രകാരം, വൈകുന്നേരം അഞ്ചുമണിക്കും പോളിംഗ് അവസാനിക്കുന്ന സമയമായ ആറു മണിക്കും ഇടയിൽ, ഏകദേശം 76 ലക്ഷം വോട്ടുകൾ രേഖപ്പെടുത്തി. കൂടാതെ, നവംബർ 23ലെ വോട്ടെണ്ണലിന് മണിക്കൂറുകൾക്കുമുമ്പ് ഏകദേശം 10 ലക്ഷം വോട്ടർമാരുടെ മറ്റൊരു വർദ്ധനവും ഉണ്ടായി. പോളിംഗ് കഴിഞ്ഞ് അവസാന മണിക്കൂറിനുള്ളിൽ 76 ലക്ഷം വോട്ടർമാർ തങ്ങളുടെ വോട്ടവകാശം വിനിയോഗിച്ചുവെന്നത് കണക്കിലെടുക്കുമ്പോൾ, രാത്രി 11:30 ഓടെ അന്തിമ വിവരങ്ങൾപോലും തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തുവിടാൻ സാധ്യതയില്ല. മുൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ എസ്.വൈ. ഖുറേഷി നേരത്തെ അഭിപ്രായപ്പെട്ടത് വോട്ടർമാരുടെ പോളിംഗ് തത്സമയം രേഖപ്പെടുത്തുകയും അപ്ഡേറ്റ് ചെയ്യുകയും ചെയ്യുന്നുണ്ടെന്നും, എന്നാൽ കഴിഞ്ഞ കുറച്ച് തിരഞ്ഞെടുപ്പുകളിൽ വോട്ടർമാരുടെ എണ്ണം ഇങ്ങനെ ക്രമാതീതമായി വർദ്ധിക്കുന്നത് എന്തുകൊണ്ടാണെന്നതിന് യുക്തിസഹമായ വിശദീകരണമൊന്നും ലഭിച്ചിട്ടില്ലെന്നുമാണ്.

ഇത്രയധികം 'സൂക്ഷ്മ നിരീക്ഷണം' നടത്തിയിട്ടും നിരവധി ആധുനിക സാങ്കേതിക വിദ്യകൾ സജ്ജീകരിച്ചിട്ടും കൃത്യമായ വിവരം നൽകാൻ കഴിയാത്ത വിധം തിരഞ്ഞെടുപ്പ് കമ്മീഷൻ കാര്യക്ഷമമല്ലായിരുന്നോ? അതോ ഫലങ്ങളിൽ കൃത്രിമം കാണിക്കാൻ ചില "ഏർപ്പാടുകൾ" ചെയ്തതിനെ തുടർന്ന് പ്രഖ്യാപിച്ച കണക്കുകൾ മാറ്റാൻ പിന്നിൽനിന്ന് ആരെങ്കിലും ചരട് വലിച്ചോ? ഭരണ മുതലാളിവർഗം ആഗ്രഹിക്കുന്ന ഫലം പുറത്തുകൊണ്ടുവരാൻ പണം-പേശീബല-മാധ്യമ-ഭരണ അധികാരക്കൂട്ടായ്മ തിരഞ്ഞെടുപ്പ് നിയന്ത്രിക്കുന്ന ഇക്കാലത്തെ സാഹചര്യത്തിൽ ഇത് ഒരു നിഗൂഢതയായി തുടരുന്നു. ■




### അഷ്ഫഖുള്ളാ ഖാൻ, രാംപ്രസാദ് ബിസ്മിൽ രക്തസാക്ഷിത്വ ദിനാചരണം

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ അനശ്വര വിപ്ലവകാരികൾ അഷ്ഫഖുള്ളാ ഖാൻ, രാം പ്രസാദ് ബിസ്മിൽ, രാജേന്ദ്ര ലാഹിരി, ഠാക്കൂർ റോഷൻ സിംഗ് എന്നിവരുടെ 97-ാം രക്തസാക്ഷിത്വ ദിനം ആചരിച്ചുകൊണ്ട് എഐഡിവൈഒയുടെ ആഭിമുഖ്യത്തിൽ തകഴി, കുന്നുമ്മയിൽ നടന്ന സമ്മേളനം എൻ.കെ.ബിജു ഉദ്ഘാടനം ചെയ്യുന്നു.




### ശഹീദ് ഉദ്ദം സിംഗ് അനുസ്മരണ സമ്മേളനം

അനശ്വര വിപ്ലവകാരി ഉദ്ദം സിംഗിന്റെ 125-ാം ജന്മദിനം ആചരിച്ചുകൊണ്ട് എഐഡിവൈഒയുടെ ആഭിമുഖ്യത്തിൽ ഹരിപ്പാട്, മുട്ടത്ത് കുളം ജംഗ്ഷനിൽ നടന്ന സമ്മേളനം ജില്ലാപ്രസിഡണ്ട് കെ. ബിമൽജി ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ സെക്രട്ടറി ടി.ഷിജിൻ, എം.സി. സുനിൽ, പി.സന്തോഷ് കുമാർ, കെ. ജി.അനീഷ് കുമാർ എന്നിവർ പ്രസംഗിച്ചു.

# ബംഗ്ലാദേശിലെ സാംസ്കാരിക നായകർ ഇന്ത്യയിലെ ജനങ്ങളോട് നടത്തുന്ന അഭ്യർത്ഥന

ഇന്ത്യയും ബംഗ്ലാദേശും തമ്മിലുള്ള നയതന്ത്ര ബന്ധം ഇന്ന് വളരെ പരിതാപകരമായ അവസ്ഥയിലാണ്. ഇത്തരമൊരു അവസ്ഥയിൽ ഇന്ത്യയിലെയും ബംഗ്ലാദേശിലെയും സാധാരണ ജനങ്ങൾക്കിടയിൽ വിള്ളൽ ഉണ്ടാക്കാൻ ചില തൽപര, വർഗീയ ശക്തികൾ സദാ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ വലിയ ആശങ്കയോടെയാണ് ഞങ്ങൾ ഈ കാഴ്ചപ്പാടുകൾ നിങ്ങൾക്ക് മുൻപിൽ അവതരിപ്പിക്കുന്നത്.

ഇന്ത്യയിലെ ജനങ്ങളും ഇന്ത്യയിലെ ഗവൺമെന്റും ഒന്നാണെന്ന് ഞങ്ങൾ കരുതുന്നില്ല. ഇന്ത്യയിലെ ജനങ്ങൾ വർഗീയതക്കെതിരെയും ഹിന്ദു വർഗീയ ശക്തികൾക്കെതിരെയും പൊരുതുന്നവരാണ് എന്ന് ഞങ്ങൾക്കറിയാം. ദീർഘകാലത്തെ നിരന്തരമായ പോരാട്ടത്തിനൊടുവിൽ ഹസീനയുടെ ഫാസിസ്റ്റ് ഗവൺമെന്റിനെ പുറത്താക്കിയിരിക്കുകയാണ് ഞങ്ങൾ. ഞങ്ങളുടെ സമരത്തോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് കഴിഞ്ഞ ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഇന്ത്യയിലും പ്രകടനങ്ങളുണ്ടായിരുന്നു. നിങ്ങളുടെയും ഞങ്ങളുടെയും പോരാട്ടങ്ങൾക്കും സാഹോദര്യത്തിനും വർഷങ്ങളുടെ പഴക്കമുണ്ട്. നമ്മുടെ ഉപഭൂഖണ്ഡത്തിലെ ഒരു പൊതു ഭീഷണിയാണ് വർഗീയത. നമ്മൾ ഇരുകൂട്ടരും അതിനെതിരെ പൊരുതിക്കൊണ്ടിരിക്കുന്നവരാണ്. വർഗീയത ജനങ്ങളുടെ ഐക്യം തകർക്കുന്നു, അവരെ മതത്തിന്റെ അടിസ്ഥാനത്തിൽ ഭിന്നിപ്പിക്കുന്നു. ഈ ഉപഭൂഖണ്ഡത്തിലെ ഭരണാധികാരികൾ എക്കാലത്തും ജനങ്ങളെ അവരുടെ ജീവിതത്തിന്റെ രൂക്ഷമായ പ്രശ്നങ്ങളായ വിലക്കയറ്റം, തൊഴിലില്ലായ്മ, വിദ്യാഭ്യാസത്തിന്റെയും മതിയായ ആരോഗ്യ സംവിധാനത്തിന്റെയും അഭാവം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ എന്നിവക്കെതിരെ ഒന്നിച്ച് അണിനിരക്കുന്നത് തടയാൻ വർഗീയത ഉപയോഗിച്ചിട്ടുണ്ട്. അങ്ങനെ, ഭൂരിപക്ഷത്തെയും ന്യൂനപക്ഷത്തെയും തമ്മിലടിപ്പിച്ചാണ് അവർ വോട്ടുകൾ നേടുന്നത്. പ്രത്യേകിച്ച് രാഷ്ട്രീയ മാറ്റങ്ങൾ നടക്കുന്ന വേളയിൽ ന്യൂനപക്ഷങ്ങൾക്കെതിരെ ആക്രമണങ്ങൾ നടക്കാറുണ്ട്. ഞങ്ങളുടെ നാട്ടിൽ അവാമി ലീഗ് ഭരണത്തിൽ ഉണ്ടായിരുന്നപ്പോൾ ന്യൂനപക്ഷ ഹിന്ദുക്കളുടെ ജീവനും സ്വത്തിനും ആരാധനാലയങ്ങൾക്കുമെതിരെ നിരവധി ആക്രമണങ്ങൾ നടന്നിട്ടുണ്ട്. ഹിന്ദുക്കളുടെ ഭൂമി ബലംപ്രയോഗിച്ച് കൈയേറിയിട്ടുണ്ട്. കഴിഞ്ഞ ആഗസ്റ്റ് അഞ്ചിന് ഹസീന ഗവൺമെന്റ് നിലം പതിച്ചതിനു ശേഷവും അത്തരം ആക്രമണങ്ങൾ ഉണ്ടായി. ഞങ്ങളുടെ പ്രക്ഷോഭത്തിൽനിന്ന് ആവേശം ഉൾക്കൊണ്ടുകൊണ്ട് പല രാഷ്ട്രീയ പാർട്ടികളും ഹിന്ദു ഭവനങ്ങൾക്കും അമ്പലങ്ങൾക്കും സംരക്ഷണം നൽകാൻ മുന്നോട്ടു വരികയുണ്ടായി. അങ്ങനെ മതസൗഹാർദത്തിന് അവർ പുതിയ മാതൃകകൾ സൃഷ്ടിച്ചു. ഇന്ത്യൻ ദേശീയ പതാകയെ ചവിട്ടിയരച്ചപ്പോഴും ബംഗ്ലാദേശിലെ ജനാധിപത്യവാദികൾ അതിൽ പ്രതിഷേധിച്ചു.



ബംഗ്ലാദേശിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ശരിയായ ചിത്രമല്ല മാധ്യമങ്ങളിലൂടെ പുറത്തുവരുന്നത് എന്നത് ഞങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. ഇപ്പോഴും അത് തുടർന്നുകൊണ്ടിരിക്കുന്നു. ഉദാഹരണത്തിന്, ഇക്കഴിഞ്ഞ നവംബർ 30ന് ഢാക്കയിൽ നിന്ന് അഗർത്തലവരെ പോകുന്ന ഒരു സ്വകാര്യ ബസ് ബ്രാഹ്മൺബാരിയയിൽ വെച്ച് അപകടത്തിൽപ്പെട്ടു. റോഡിന്റെ സൈഡിൽ നിർത്തിയിട്ടിരുന്ന ഒരു വാനിൽ ബസ് ചെന്ന് ഇടിക്കുകയായിരുന്നു. ഇന്ത്യയിലെ ഒരു മാധ്യമം ഇതൊരു ആസൂത്രിതമായ ആക്രമണമാണ് എന്ന നിലയിലാണ് പ്രചരിപ്പിച്ചത്. മണിക്കൂറുകൾക്കുള്ളിൽ അഗർത്തലയിലെ ബംഗ്ലാദേശ് ഹൈക്കമ്മീഷണറുടെ ഓഫീസ് ആക്രമിക്കപ്പെട്ടു. ബംഗ്ലാദേശിന്റെ ദേശീയ പതാക വലിച്ചുകീറി. ഇന്ത്യൻ ഗവൺമെന്റ് ഇതിൽ ഖേദം പ്രകടിപ്പിച്ചെങ്കിലും ഇത്തരം കപട വാർത്തകൾ പ്രചരിപ്പിക്കുന്നത് തടയാൻ നടപടികൾ ഒന്നും എടുത്തില്ല. ഈ വാർത്തയുടെ സത്യാവസ്ഥ ജനങ്ങൾ അറിയണം. ഇത്തരം കപട വാർത്തകളുടെ ഗുണഭോക്താക്കൾ സത്യത്തിൽ വർഗീയശക്തികളും അതത് നാടുകളിലെ ഗവൺമെന്റുകളും ആണ്. വർഗീയ വികാരത്തിന്റെ മുകളിൽ ഏറിയാണ് അവർ അധികാരമുറപ്പിക്കുന്നത്.

ചിന്മയ് കൃഷ്ണദാസ് അറസ്റ്റ് ചെയ്യപ്പെട്ടപ്പോൾ ഇന്ത്യൻ ഗവൺമെന്റിന്റെ പ്രതികരണം അത്ഭുതപ്പെടുത്തുന്നതായിരുന്നു. അയാൾ ഒരു ഇന്ത്യൻ പൗരനല്ല. സത്യത്തിൽ അയാൾക്കെതിരെ ഇസ്കോൺ(ഇന്റർനാഷണൽ സൊസൈറ്റി ഫോർ കൃഷ്ണ കോൺഷ്യസ്നസ്)ന് അകത്തുതന്നെ ആരോപണങ്ങൾ ഉണ്ട്. അതിനെക്കുറിച്ചുള്ള ആഭ്യന്തര അന്വേഷണം തടസ്സപ്പെടുത്താൻ അയാൾ ഇസ്കോണിനെതിരെ കോടതിയിൽ അന്യായം ഫയൽ ചെയ്തിട്ടുമുണ്ട്. ചിന്മയ് കൃഷ്ണയ്ക്ക് നീതി ലഭിക്കാനുള്ള അവകാശത്തോടൊപ്പമാണ് ഞങ്ങളും. എല്ലാവർക്കും അതിനുള്ള അവകാശമുണ്ട്.

എന്നാൽ ഈ വിഷയത്തിൽ വളരെധൃതി പിടിച്ച് ഇന്ത്യയുടെ വിദേശകാര്യമന്ത്രാലയം പ്രസ്താവന ഇറക്കിയത് ശരിക്കും അത്ഭുതപ്പെടുത്തുന്നു. അയാളെ കോടതിയിൽ ഹാജരാക്കിയ ദിവസം വലിയ പ്രശ്നങ്ങൾ ഉണ്ടായി; സൈഫുൽ ഇസ്ലാം അലിഫ് എന്ന വക്കീൽ കൊല്ലപ്പെട്ടു. ബംഗ്ലാദേശിലെ ജനങ്ങളുടെ ഒറ്റക്കെട്ടായ പരിശ്രമത്തിലൂടെയാണ് സ്ഥിതിഗതികൾ നിയന്ത്രണത്തിലായത്.

ഏതാനും ചില ഹിന്ദുമത സ്ഥാപനങ്ങൾ ഹിന്ദുക്കളെ മുഴുവൻ പ്രതിനിധീകരിക്കുന്നില്ല എന്ന് പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇത്തരം വർഗീയ പ്രചാരണത്തിനെതിരെ പല ഹിന്ദുക്കളും ശബ്ദമുയർത്തിയിട്ടുണ്ട്. ത്രിപുരയിലെ ബംഗ്ലാദേശ് ഹൈക്കമ്മീഷണറുടെ ഓഫീസിന് നേരെയുണ്ടായ ആക്രമണത്തിൽ പല ഹിന്ദുക്കളും ശക്തമായിതന്നെ പ്രതിഷേധിക്കുകയുണ്ടായി. ബംഗ്ലാദേശിലെ ഹിന്ദുക്കൾ അത്തരം പ്രതിഷേധങ്ങളിൽ വലിയ തോതിൽ പങ്കെടുക്കുകയും ചെയ്തു.

ബംഗ്ലാദേശിൽ വർഗീയത ഇല്ലാത്ത ഭരണം വരണമെന്നാണ് ഹിന്ദു സമുദായം കാലങ്ങളായി ആഗ്രഹിക്കുന്നത്. ബംഗ്ലാദേശിന്റെ സ്വാതന്ത്ര്യ സമരത്തിലും ജനാധിപത്യ പ്രക്ഷോഭണങ്ങളിലും ഹിന്ദു സമുദായത്തിന്റെ പങ്ക് വളരെ വലുതാണ്. കഴിഞ്ഞ ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പ്രക്ഷോഭണങ്ങളിൽ ഹിന്ദുക്കളും പങ്കെടുക്കുകയും പലരും ജീവൻ ബലിയർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്ത്യൻ മാധ്യമങ്ങളിൽ പലരും പ്രചരിപ്പിച്ചത് ഇത് മുസ്ലീം വർഗീയവാദികളുടെ പ്രക്ഷോഭമാണെന്നാണ്. ഇത്തരം കപട പ്രചാരണങ്ങളെ ബംഗ്ലാദേശിലെ ഹിന്ദുക്കൾ എതിർക്കുന്നു. ജനകീയ പ്രക്ഷോഭണ സമയത്ത് വിവിധ വിഭാഗം ജനങ്ങൾ തമ്മിലുണ്ടാക്കിയ സാഹോദര്യം ഇന്നും നിലനിൽക്കുന്നുണ്ട്. എന്നാൽ വർഗീയശക്തികൾ വെറുതെ ഇരിക്കുകയാണ് എന്ന് ഇതിനർത്ഥമില്ല. ഇന്ത്യയിലെ ജനങ്ങളുടെ ഐക്യത്തോടും പിന്തുണയോടും കൂടെ മാത്രമേ അതിനെ ചെറുക്കാനാകൂ. രണ്ട് നാട്ടിലെയും ജനങ്ങൾ നേരിടുന്ന എല്ലാ പ്രശ്നങ്ങളുടെയും മൂലകാരണം ഒന്നാണ്. വർഗീയ സംഘർഷങ്ങളിലൂടെയോ കലാപങ്ങളിലൂടെയോ അത് പരിഹരിക്കാനാവില്ല. ഹിന്ദു-മുസ്ലിം ഐക്യം തകർക്കുന്നതല്ല അതിന്റെ പരിഹാരം. രണ്ട് നാട്ടിലെയും ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്താൽ അവ തമ്മിൽ അടിസ്ഥാനപരമായി വ്യത്യാസങ്ങൾ ഒന്നുമില്ല എന്ന് കാണാം.

ഞങ്ങളുടെ നാട്ടിലെ വർഗീയശക്തികൾക്കെതിരെ ഞങ്ങൾ പൊരുതും; നിങ്ങളുടെ നാട്ടിലെ വർഗീയശക്തികൾക്കെതിരെ നിങ്ങളും പൊരുതേണ്ടതുണ്ട്. നിങ്ങളുടെ നാട്ടിലെ ജനാധിപത്യ പ്രക്ഷോഭണ ങ്ങളിൽ ജീവൻ ബലിയർപ്പിച്ചവരുടെ ഓർമ്മകൾക്ക് ആദരവേകാൻ വർഗീയശക്തികളുടെ ശ്രമങ്ങളെ പരാജയപ്പെടുത്തണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. രണ്ടു നാട്ടിലേയും ജനങ്ങൾ പൊരുതുന്നത് ഇന്ത്യയിലെ വൻ ബൂർഷ്വാസിയുടെ അടിച്ചമർത്തലിനും ചൂഷണത്തിനും പകൽകൊള്ളയ്ക്കും എതിരെയാണ്. നമ്മുടെ യോജിച്ച പോരാട്ടം, മതമൗലികവാദത്തിനും അത് വളർത്തുന്ന വെറുപ്പിനും അനൈക്യത്തിനും എതിരെയാണ്. വരുംദിവസങ്ങളിൽ ഈ പോരാട്ടം കൂടുതൽ ശക്തിപ്പെടുമെന്നും നമ്മൾ വിജയിക്കുമെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു.

സധിൻ സെൻ, ദിപ്തി ദത്ത , സൗമ്യ സർക്കാർ, ശർമി ബറുവ, അനു മുഹമ്മദ്, സലിമുള്ള ഖാൻ, സയീദ് ഫിർദൗസ്, കംറൂൽ ഹസൻ മമുൻ, തുഹിൻ വദൂദ്...തുടങ്ങി സിനിമ പ്രവർത്തകരും എഴുത്തുകാരും ബുദ്ധിജീവികളും സാമൂഹ്യ പ്രവർത്തകരും ഒപ്പിട്ട അഭ്യർത്ഥന. ■

---



### മഹാകവി കുമാരനാശാൻ ചരമശതാബ്ദി ആചരണ സമിതിയുടെ ആഭിമുഖ്യത്തിൽ

### കായിക്കരയിൽനിന്ന് പല്ലനയിലേക്ക് ജനുവരി 10 മുതൽ 16 വരെ

## നവോത്ഥാന സന്ദേശ യാത്ര

മഹാകവി കുമാരനാശാൻ ചരമശതാബ്ദി ആചരണ സമിതിയുടെ ആഭിമുഖ്യത്തിൽ 2024 ജനുവരി 16 മുതൽ സംസ്ഥാനത്തുടനീളം വിവിധങ്ങളായ പരിപാടികൾ നടന്നു വരികയാണ്. കേരളസമൂഹത്തിലേക്ക് പുതുമൂല്യങ്ങൾ സന്നിവേശിപ്പിച്ച നവോത്ഥാനപ്രസ്ഥാനത്തിന്റെ ആദർശമായ മാനവവാദമൂല്യങ്ങളായിരുന്നു ആശാന്റെ കവിതകളുടെ അകക്കാമ്പ്. മലയാളകവിതയെ ആധുനീകരിച്ച നവോത്ഥാനകവി മാത്രമായിരുന്നില്ല, കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിൽ ആധുനിക കേരളത്തിന് അടിത്തറയൊരുക്കിയ ഉജ്ജ്വലനായ സാമൂഹികപരിഷ്കർത്താക്കളിലൊരാളും കൂടിയായിരുന്നു ആശാൻ. ജാതിവ്യവസ്ഥയ്ക്കെതിരെയുള്ള മുന്നേറ്റത്തിന്റെ മുൻനിരയിലുണ്ടായിരുന്ന എസ്എൻഡിപി യോഗം എന്ന ആധുനികസംഘടനയുടെ ജനറൽ സെക്രട്ടറിയായി 16 വർഷം പ്രവർത്തിച്ച അദ്ദേഹം അധഃസ്ഥിത ജനതയുടെയാകെ അവകാശപ്രസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോയി.

നവോത്ഥാനമൂല്യങ്ങൾ പുറകോട്ടടിക്കപ്പെടുകയും പിൻനിരയിലേക്കു തള്ളപ്പെട്ടിരുന്ന ജാതി, മത, സങ്കുചിത വികാരങ്ങൾ ജനങ്ങളെ വിഭജിക്കാനായി ഉപയോഗിക്കപ്പെടുകയും ചെയ്യുന്ന കാലമാണിത്. ആശാൻകവിതകളുടെയും അദ്ദേഹത്തിന്റെ ജീവിതത്തിന്റെയും പഠനം ഈ പുറകോട്ടുള്ള പോക്കിനെ തടയിടുന്നതിന് പര്യാപ്തമാണെന്ന് ഇതുവരെ നടന്ന വിവിധ ആചരണപരിപാടികൾ ബോധ്യപ്പെടുത്തുന്നുണ്ട്.

ഈ ആചരണപരിപാടികളുടെ പരിസമാപ്തി എന്ന നിലയിൽ 2025 ജനുവരി 10 മുതൽ 16 വരെ കായിക്കരയിൽനിന്ന് പല്ലനയിലേക്ക് നവേത്ഥാന സന്ദേശ യാത്ര നടത്തുന്നു. കുമാരനാശാൻ ചരമശതാബ്ദി ആചരണസമിതിയുമായി ഇതിനോടകം ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന അനേകം സാംസ്കാരികപ്രവർത്തകർ ഈ യാത്രയോടൊപ്പമുണ്ടാകും. ആധുനികകേരളത്തെ വീണ്ടെടുക്കുകയും മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടക്കുന്ന ഈ യാത്രയിൽ പങ്കെടുക്കണമെന്നും യാത്ര വിജയിപ്പിക്കാനുള്ള സഹായസഹകരണങ്ങൾ നൽകണമെന്നും എല്ലാവരോടും അഭ്യർത്ഥിക്കുന്നു. ■

## ജനകീയസമരപ്രവർത്തകരും നേതാക്കളും ഒന്നായി അണിനിരന്ന് ഭാവി പ്രക്ഷോഭങ്ങൾക്കായി പ്രതിജ്ഞ ചെയ്ത

# സംസ്ഥാന ജനകീയ പ്രതിരോധ കൺവൻഷൻ




ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 29ന്ആലപ്പുഴയിൽ നടന്ന ജനകീയ പ്രതിരോധ കൺവൻഷൻഡോ.രാം പുനിയാനി ഉദ്ഘാടനം ചെയ്യുന്നു.

**ജ**നവിരുദ്ധ ഭരണനയങ്ങൾക്കെതിരെ ജനങ്ങളുടെ സമരപക്ഷം പടുത്തുയർത്തുക എന്ന സുപ്രധാന ലക്ഷ്യത്തോടെ വിളിച്ചു ചേർക്കപ്പെട്ട സംസ്ഥാന ജനകീയ പ്രതിരോധ കൺവൻഷൻ അചഞ്ചലമായ പോരാട്ടത്തിന്റെ അളവറ്റ ഊർജ്ജസ്രോതസ്സായി മാറി. രാജ്യത്തിന്റെ തകരുന്ന ജനാധിപത്യ-മതേതരഘടനയെപ്രതി വേദനിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുന്ന മനസ്സുമായി, വാർദ്ധക്യത്തിന്റെ അവശതകൾ പരിഗണിക്കാതെ മഹാരാഷ്ട്രയിൽനിന്ന് ഉദ്ഘാടകൻ ഡോ.രാം പുനിയാനി, തളരാത്ത സമരാവേശത്തിന്റെ പ്രതിനിധി, പ്രതിരോധ സമിതി പ്രസിഡണ്ട് പ്രൊഫ.കെ.അരവിന്ദാക്ഷൻ, ജനതാൽപ്പര്യത്തിനായി അക്ഷീണം പൊരുതുന്ന പ്രൊഫ.എം.പി.മത്തായി, യഥാർത്ഥ ഇടതുരാഷ്ട്രീയത്തിന്റെ കാവലാൾ ജോസഫ് സി. മാത്യു, പരിസ്ഥിതിയുടെ ജനപക്ഷ രാഷ്ട്രീയം വിട്ടുവീഴ്ചയില്ലാതെ ഉയർത്തിപ്പിടിക്കുന്ന ശ്രീധർ രാധാകൃഷ്ണൻ, ജനകീയ സമരങ്ങളുടെ നേതാക്കൾ സി.ആർ.നീലകണ്ഠൻ, ഡോ.ഡി.സുരേന്ദ്രനാഥ്, ഡോ. ആസാദ്, പി.കെ.പോക്കർ, പ്രമോദ് പുഴങ്കര തുടങ്ങി സംസ്ഥാനത്തെ അമ്പതിലധികം സാമൂഹ്യ-സാംസ്കാരിക-സാഹിത്യ വ്യക്തിത്വങ്ങൾ അണിനിരന്ന പ്രൗഢമായ സമ്മേളനവേദി. സംസ്ഥാനമെമ്പാടും നടന്നുകൊണ്ടിരിക്കുന്ന ജനകീയസമരങ്ങളുടെ നേതാക്കളും നൂറുകണക്കിന് സജീവസംഘാടകരുമടങ്ങിയ തിങ്ങിനിറഞ്ഞ സംഗമസദസ്. 2024 ഡിസംബർ 29 ന് ആലപ്പുഴ ജെൻഡർ പാർക്ക് ആഡിറ്റോറിയം, കേരളത്തിന്റെ രാഷ്ട്രീയമണ്ഡലത്തിലെ അപൂർവ്വമായ ദൃശ്യത്തിന് സാക്ഷ്യം വഹിച്ചു. വിവിധ മേഖലകളിൽ അതിജീവനത്തിനായി സമരം ചെയ്യുന്ന ജനങ്ങളുടെ യോജിച്ച പ്രതിരോധത്തിന്റെ വികാരം അലതല്ലിയ സമ്മേളനമായി പ്രതിരോധ കൺവൻഷൻ മാറി. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ സ്ഥാപക പ്രസിഡണ്ട് ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരുടെയും സ്ഥാപക ജനറൽ സെക്രട്ടറി ഡോ. വി.വേണുഗോപാലിന്റെയും ദീപ്ത സ്മരണകൾ, കീഴടങ്ങാതെ പൊരുതാനുള്ള ആവേശം ഏവരിലും ഉണർത്തി.

ആത്മവിശ്വാസത്തോടെ അടിയുറച്ചുനിന്ന പൊരുതാൻ സാധ്യമാകുന്ന ഈടുറ്റ ഒരു ചെറുത്തുനിൽപ്പുപ്രസ്ഥാനമെന്ന നിലയിൽ കഷ്ടതയനുഭവിക്കുന്ന ജനവിഭാഗങ്ങളിലെല്ലാം വമ്പിച്ച വിശ്വാസ്യത നേടിയിട്ടുള്ള ജനകീയ പ്രതിരോധ സമിതിയുടെ തുടക്കം തൊള്ളായിരത്തി തൊണ്ണൂറുകളുടെ ആദ്യമാണ്. ആചാരാനുഷ്ഠാന വൈജാത്യങ്ങൾക്കും കക്ഷിരാഷ്ട്രീയ ഭിന്നതകൾക്കും ഉപരിയായി ജനങ്ങൾ സ്വന്തം ജീവത്പ്രശ്നങ്ങൾക്കുമേൽ ഒത്തൊരുമിക്കാൻ ജനകീയ പ്രതിരോധ സമിതി ആഹ്വാനം നൽകി. ജനായത്തവാഴ്ചയുടെയും ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിന്റെയും എല്ലാ നല്ല മൂല്യങ്ങളെയും ധിക്കാരപൂർവ്വം കാറ്റിൽപറത്തിക്കൊണ്ട്, സാധാരണക്കാരായ ജനങ്ങൾക്ക് ദുരിതവും കഷ്ടപ്പാടുകളും മാത്രം സമ്മാനിക്കുന്ന ആധുനിക ഭരണാധിപന്മാർക്കെതിരെ പ്രബുദ്ധമായ ജനശക്തി സടകുടഞ്ഞെഴുന്നേൽക്കാൻ സമിതി ആഹ്വാനം ചെയ്തു. ജനങ്ങളുടെ ചുട്ടുനീറുന്ന പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരവും പാവനങ്ങളായ ജനകീയാവകാശങ്ങളുടെ ഭദ്രമായ സംരക്ഷണവും ഉറപ്പാക്കാൻ ജനങ്ങളുടെ മുൻകൈ സദാ നിലനിർത്തേണ്ടതിന്റെ ആവശ്യകതയും ജനകീയ പ്രതിരോധ സമിതി ഉയർത്തിക്കാട്ടി. കേരളത്തിലെ എണ്ണമറ്റ ജനകീയ സമരങ്ങൾക്ക് ആത്മവിശ്വാസവും പ്രചോദനവുമായി മൂന്ന പതിറ്റാണ്ടിലേറെയായി കേരളമണ്ണിലെ സജീവസമരനേതൃത്വമാണ് ജനകീയ പ്രതിരോധ സമിതി. ഡിസംബർ 29ന്റെ പ്രതിരോധ കൺവൻഷൻ ജനകീയ സമരനേതാക്കളുടെയും സമരസംഘടനകളുടെയും സംഗമവുമായി.




ഡോ.എം.പി.മത്തായി, പ്രൊഫ.കെ.അരവിന്ദാക്ഷൻ

സംസ്ഥാനത്തെ ഒട്ടുമിക്ക ജനകീയ സമര നേതാക്കളും ഡിസംബർ 29 ന് രാവിലെത്തന്നെ ആലപ്പുഴ ജെൻഡർ പാർക്ക് ഹാളിൽ എത്തിച്ചേർന്നതോടെ സംസ്ഥാന ജനകീയ പ്രതിരോധ കൺവൻഷന് തുടക്കമായി.സംസ്ഥാന പ്രസിഡന്റ് പ്രൊഫ.കെ. അരവിന്ദാക്ഷന്റെ അധ്യക്ഷതയിൽ ആരംഭിച്ച ആദ്യ സെഷൻ, ഡോ.രാം പുനിയാനി ഉദ്ഘാടനം ചെയ്തു. ജനകീയ പ്രതിരോധ സമിതിയുടെ സ്ഥാപക ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ, ഡോ. നന്ദിയോട് രാമചന്ദ്രൻ, ഫാദർ എബ്രഹാം ജോസഫ് തുടങ്ങി സമീപകാലത്ത് അന്തരിച്ച നേതാക്കൾക്ക് ആദരാഞ്ജലിയർപ്പിക്കുന്ന അനുശോചന പ്രമേയം ടി.ബി.വിശ്വനാഥൻ അവതരിപ്പിച്ചുകൊണ്ടാണ് കൺവൻഷൻ നടപടികൾ ആരംഭിച്ചത്.

### ഇന്ത്യൻ ജനാധിപത്യം വെല്ലുവിളി നേരിടുന്നു; ബൃഹത്തായ ജനകീയ മുന്നേറ്റങ്ങൾ ഉണ്ടാകണം-ഡോ. രാം പുനിയാനി

ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ടുള്ള ഡോ. രാം പുനിയാനിയുടെ വാക്കുകൾ ഇപ്രകാരമായിരുന്നു. '1998ൽ വാജ്പേയി സർക്കാർ വിദ്യാഭ്യാസത്തെ കാവിവൽക്കരിക്കുന്ന നടപടികൾക്ക് തുടക്കം കുറിച്ചു. യുക്തിചിന്തയെ തടയുകയായിരുന്നു ലക്ഷ്യം. ശാസ്ത്രീയ ചിന്തയ്ക്ക് തുരങ്കം വച്ചും ചരിത്രത്തെ അതിനുള്ള ഉപകരണമാക്കിയും ജനങ്ങളെ ഭിന്നിപ്പിക്കുന്നു. കൊറോണയെ നേരിടാൻ മട്ടുപ്പാവിൽ കയറി നിന്ന് കൈയടിച്ചാൽ മതി എന്നു പറയുന്നത് ഈ പദ്ധതിയുടെ ഭാഗമാണ്. മുസ്ലീങ്ങളെ അപകടകാരികളാക്കി ചിത്രീകരിക്കുന്നതിനുപിന്നിലും ഇതേ ഗൂഢപദ്ധതിയാണുള്ളത്.

പള്ളികൾക്കു കീഴിലെല്ലാം ക്ഷേത്രങ്ങൾ ഉണ്ടെന്ന് പ്രചരിപ്പിക്കുന്നു. ഔറംഗസേബ് ക്ഷേത്രങ്ങളെല്ലാം തകർത്തു എന്നു പറയുന്നു. 12 ക്ഷേത്രങ്ങൾ തകർത്തപ്പോൾ അനേകംക്ഷേത്രങ്ങൾക്ക്സഹായം നൽകി. അത് പറയുന്നില്ല. പണ്ടുള്ളവരുടെ ചെയ്തികൾക്ക് ഇന്നുള്ളവർ എന്തു പിഴച്ചു. ഭൂതകാലത്തിലെ ചെയ്തികൾക്ക് പ്രതികാരം ചെയ്യുന്നത് പരിഷ്കൃത ചിന്തയല്ല. ക്ഷേത്രങ്ങൾക്കടിയിൽ ബുദ്ധവിഹാരങ്ങൾ ഉണ്ടാകും.

നെഹ്റു അണക്കെട്ടുകളെയും യൂണിവേഴ്സിറ്റികളെയും ഒക്കെ ക്ഷേത്രങ്ങൾ എന്ന് വിശേഷിപ്പിച്ചു. ആധുനിക ഇന്ത്യ കെട്ടിപ്പടുക്കാൻ ആഹ്വാനം ചെയ്തു. എന്നാൽ ഇന്ന് കെട്ടിപ്പടുക്കുകയല്ല കുഴി തോണ്ടുകയാണ്. മതം രാഷ്ട്രീയത്തിന്റെ അടിത്തറയാകുന്നു. വർഗീയതയുമായി മാത്രമല്ല കോർപ്പറേറ്റുകളുമായും ചങ്ങാത്തത്തിലാണ് ഭരണസംവിധാനം. കോർപ്പറേറ്റുകൾ ജീവിതം ദുസ്സഹമാക്കുന്നു. വർഗീയത ദേശീയ ഐക്യം ദുർബലമാക്കുന്നു. അടിസ്ഥാന ജീവിത പ്രശ്നങ്ങൾ പിന്നോട്ടടിക്കപ്പെടുന്നു.

എല്ലാ മതങ്ങളെയും ചിന്താഗതികളെയും സഹിഷ്ണുതയോടെ കണ്ട പാരമ്പര്യമാണ് നമ്മുടേത്. ഇന്ന് ക്രിസ്തുമസ് ആഘോഷം പോലും അലങ്കോലമാക്കുന്നു. പ്രധാനമന്ത്രി മതമേലധ്യക്ഷൻമാരുമായി ക്രിസ്തുമസ് ആഘോഷിക്കുന്നുണ്ട്. അതിനുപിന്നിൽ സങ്കുചിത താല്പര്യങ്ങളാണ്.

നമ്മുടെ ജനാധിപത്യ വ്യവസ്ഥ വലിയ ഭീഷണി നേരിടുകയാണ്. സാമൂഹ്യ മുന്നേറ്റങ്ങൾ അസാധ്യമാക്കുകയാണ് ഉദ്ദേശ്യം. ഭഗത് സിംഗ്, അംബേദ്കർ, ഗാന്ധിജി തുടങ്ങിയവർ ജനങ്ങൾക്ക് വഴികാട്ടിയവരാണ്. ആധുനിക ഇന്ത്യ സൃഷ്ടിച്ചവരാണ്. വിവിധ ജനവിഭാഗങ്ങൾ ഒന്നിച്ചപ്പോൾ സ്വാതന്ത്ര്യസമരപ്രസ്ഥാനംശക്തിപ്പെട്ടു. അപ്പോൾ സ്ഥാപിത താല്പര്യക്കാർ ഹിന്ദുമഹാസഭയും ആർഎസ്എസും മുസ്ലിംലീഗും ഉണ്ടാക്കി ജനങ്ങളുടെ ഐക്യം തകർക്കാൻ ആരംഭിച്ചു.

(ശേഷം 6-ാം പേജിൽ)



ജനകീയ പ്രതിരോധ കൺവൻഷൻ: സദസ്സ് ഒരു ദൃശ്യം.

# ജനേച്ഛയെ സംരക്ഷിക്കാൻ സ്വന്തം സമരസംഘടനകൾ പടുത്തുയർത്തുക എന്ന ആഹ്വാനത്തിലൂടെ പ്രതിരോധ സമിതി സമര ചരിത്രത്തിൽ പുതിയ അധ്യായം രചിച്ചു



സി.ആർ.നീലകണ്ഠൻ, ജോസഫ് സി.മാത്യു, ശ്രീധർ രാധാകൃഷ്ണൻ, പി.കെ.പോക്കർ, ഡോ.കെ.പി.ഗോദകുമാർ, എ.ജെ.ഷാജഹാൻ

(5–ാം പേജിൽ നിന്ന്)

നമ്മുടെ ഭരണഘടന പശ്ചാത്യ മൂല്യങ്ങളിൽ അധിഷ്ഠിതമാണെന്ന് ആർഎസ്എസ് ആരോപിക്കുന്നു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം തുടങ്ങിയ ആദർശങ്ങളൊക്കെ പാശ്ചാത്യമാണോ? അതോ മുഴുവൻ മനുഷ്യരുടേതുമാണോ? ആധുനിക സമൂഹത്തിന്റെ മൂല്യങ്ങളാണത് ഉദ്ഘോഷിക്കുന്നത്. മനസ്മൃതിപോലുള്ള പഴഞ്ചൻ പ്രമാണങ്ങളും ഹിന്ദുമത മൂല്യങ്ങളും പുനഃസ്ഥാപിക്കാൻശ്രമിക്കുകയാണ് ബിജെപി ഭരണം. അംബേദ്കർ മനുസ്മൃതി കത്തിക്കുകയാണ് ചെയ്തത്. ആശയപരമായി നമ്മൾ വളരെ മുന്നേറിയിട്ടുണ്ട്. ധാരാളം വിശകലനങ്ങളും കൃതികളുമൊക്കെയുണ്ട്. എന്നാൽ അതുകൊണ്ടു മാത്രമായില്ല. ശരിയായ ആശയങ്ങൾ ജനസാമാന്യത്തിൽ എത്തിക്കണം. ഭരണഘടനാ മൂല്യങ്ങൾ ജനങ്ങൾ മനസ്സിലാക്കണം. എങ്കിൽ മാത്രമേ രാജ്യം നേരിടുന്ന വിപത്തിനെ ചെറുക്കാനാകൂ.'

## പ്രതിരോധസമിതി മഹത്തായ പാരമ്പര്യമുള്ള പ്രസ്ഥാനം – പ്രൊഫ കെ അരവിന്ദാക്ഷൻ.

വിശ്വപൗരൻ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരും ലക്ഷ്മി എൻ. മേനോനും മറ്റും നേതൃത്വം നൽകിയ മഹാ പ്രസ്ഥാനമാണ് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയെന്നും ഇന്നത്തെ അങ്ങേയറ്റത്തെ പ്രതിസന്ധിയുടെ കാലത്തു അവർ കാട്ടിയ നേതൃത്വ മാതൃകയിൽ നിന്ന് പാഠങ്ങളും ഊർജ്ജവും ഉൾക്കൊള്ളണമെന്നും പ്രസിഡന്റ് പ്രൊഫ. കെ.അരവിന്ദാക്ഷൻ പറഞ്ഞു.

## പ്രതിലോമത്വം വളരുന്ന കേരളം –പി.കെ.പോക്കർ

പ്രതിലോമ ആശയങ്ങൾ ഇടതുപക്ഷ കേരളത്തിൽ അപകടകരമാം വിധം വളരുന്നത് എന്തുകൊണ്ടാണെന്ന് പി.കെ.പോക്കർ ചോദിച്ചു. അതേ അവസരത്തിൽ പുരോഗമനപരമായ ചിന്തകൾക്ക് ശോഷണം നേരിടുകയും ചെയ്യുന്നത് നമ്മെ ഭയപ്പെടുത്തുന്നു. പുരോഗമന ചിന്ത വീണ്ടെടുക്കേണ്ടത് അനിവാര്യമായിമാറിയിരിക്കുന്നു. എം. എഫ്. ഹുസൈൻ എന്ന ലോകപ്രസിദ്ധ ചിത്രകാരന് ഇന്ത്യവിടേണ്ടിവന്നപ്പോൾപ്പോലും പ്രതികരിക്കാൻ ഇവിടെ ആളുണ്ടായിരുന്നില്ല.കേരളത്തിൽ ശരിയായ ഇടതുപക്ഷ പുരോഗമന മുന്നേറ്റം വളർന്നു വരണം

## ഫാസിസം മൂലധന ശക്തികളുടെ അജണ്ട–പ്രമോദ് പുഴങ്കര

ഫാസിസം സാംസ്കാരികരംഗത്ത് മാത്രമല്ലെന്നും അതൊരു സാമ്പത്തിക കേന്ദ്രീകരണം ലക്ഷ്യമിടുന്ന മൂലധന ശക്തികളുടെ കൃത്യമായ അജണ്ടയാണെന്നും നാം തിരിച്ചറിയണം. ആചാരം സംരക്ഷിക്കാൻ ഏതറ്റം വരെയും പോകുമെന്ന് സിപിഐ(എം) നേതാവ് പ്രസംഗിക്കുന്നതരുചടങ്ങ് കാണാൻ ഇടയായി. ഭീകരമായ തീവ്രവലതുപക്ഷവൽക്കരണം ഇതിനകം സംഭവിച്ച കേരളത്തിലാണ് നാം ജീവിക്കുന്നത് എന്നാണ് അത് കാണിക്കുന്നത്. എന്തിനെയും മത, വർഗ്ഗീയ, സാമുദായിക വീക്ഷണത്തിൽ വിലയിരുത്തുന്ന ഈ കാലത്ത്, സമൂഹത്തെ അഭിസംബോധന ചെയ്യാൻ പുതിയ ശൈലികൾ രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. ഗാന്ധിജി പറഞ്ഞ 'ഹേ റാമി'ൽനിന്നും വില്ലുകുലച്ചുസംഹാര രൂപിയായി നിൽക്കുന്ന രാമനിലേക്കുള്ള മാറ്റം ബിജെപി, ആർഎസ്എസ് പിന്തിരിപ്പൻ ശക്തികളുടെ കടന്നുകയറ്റത്തെ വെളിപ്പെടുത്തുന്നു. അതിന്റെ ഉത്തര വാദിത്വം മുഖ്യമായും സിപിഐ(എം)ന് തന്നെയാണ്.

## ജനകീയ സമരങ്ങളാണ് കേരളത്തിന്റെ ഭാവി –ശ്രീധർ രാധാകൃഷ്ണൻ

ഇന്ന് നടന്നുവരുന്ന ജനകീയ സമരങ്ങളെ ആശ്രയിച്ചാണ് കേരളത്തിന്റെ യഥാർത്ഥ ഭാവി. ഈ ജനകീയ സമരങ്ങൾ ഏറ്റെടുത്തില്ലെങ്കിൽ നമുക്ക് പിടിച്ചുനിൽക്കാൻ കഴിയില്ല. കെ റെയിൽ ഇരകൾ സംഘടിച്ചപ്പോൾ ആണ് ആ സമരം താൽക്കാലികമായെങ്കിലും വിജയം കൈവരിച്ചത്. കേരളത്തിലെ പള്ളി മേധാവിത്വവും കമ്മ്യൂണിസ്റ്റ് എന്ന് പറയുന്നവരും ചേർന്നാണ് മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് തകർത്തത്.

കേരളത്തിൽ ഇന്ന് 4000 ക്വാറികൾ ഉണ്ട്. നമ്മുടെ ആവാസവ്യവസ്ഥയെ തകർത്തുകൊണ്ടിരിക്കുകയാണ് ഈ ക്വാറികൾ. നമ്മുടെ നദികൾ ഏറ്റവും മലീമസം ആയിരിക്കുന്നു. നെൽവയൽ -നീർത്തട സംരക്ഷണ നിയമം, ഇടതുപക്ഷം വന്നപ്പോൾ ഭേദഗതി കൊണ്ടുവന്നു. ലുലുവിനുവേണ്ടി 80–90 ഏക്കർ ഭൂമി നികത്തുന്നത് മുഖ്യമന്ത്രി വിലക്കിയില്ല. കരിമണൽ ഖനനത്തിലൂടെ തീരം മുഴുവൻ കൊള്ളയടിക്കുകയാണ്. അത് വൻ വിനാശത്തിന് വഴിയൊരുക്കും. 2018ലെ പ്രളയത്തിനുശേഷം കേരളത്തിൽ ഉരുൾപൊട്ടലും മലയിടിച്ചിലും പതിവായിരിക്കുന്നു. കേരളം പാരിസ്ഥിതികമായി വളരെ ദുർബലമാണ്. 'എക്കോ ലിറ്ററസി'യെക്കുറിച്ച് അറിവില്ലാത്ത അധികാരികൾ കേരളത്തെ ദുരന്തത്തിലേക്ക് നയിക്കും.

## വ്യാപാരി, ബഹുജന സമരൈക്യം വേണം – എ.ജെ.ഷാജഹാൻ

10 ലക്ഷത്തോളം ആളുകൾ തൊഴിൽ കണ്ടെത്തുന്ന ഒരു മേഖലയാണ് കേരളത്തിലെ ചെറുകിട വ്യാപാര മേഖല. കേന്ദ്രസർക്കാരിന്റെ നയങ്ങൾ ഈ മേഖലയിൽ വലിയ തകർച്ചയ്ക്ക് ഇടവരുത്തി. 100% വിദേശ നിക്ഷേപം അനുവദിച്ചു. എന്നുമാത്രമല്ല സ്വദേശ കുത്തകകൾക്കും ഈ മേഖലയെ വീതം വെച്ച് കൊടുത്തിരിക്കുന്നു. വൻകിട കുത്തകകൾ ഓൺലൈൻ വ്യാപാര രംഗത്ത് കൂടി എത്തിയതോടെ, ചെറുകിട വ്യാപാര രംഗം രക്ഷപ്പെടാൻ ആവാത്ത വിധം പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുന്നു. ഇതിനെതിരെ കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയും കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയും ചേർന്ന് സുശക്തമായ പ്രക്ഷോഭണം കെട്ടിപ്പടുക്കണം.



അഡ്വ.മാത്യു വേളങ്ങാടൻ, പ്രൊഫ.വിൻസെന്റ് മാളിയേക്കൽ, ഡോ.കെ.എസ്.മനോജ്, പ്രൊഫ.കുസുമം ജോസഫ്, എം.ഷാജർഖാൻ

## വിവിധ ജനസമര നേതാക്കൾ ഒന്നിച്ചണിനിരക്കുന്ന സവിശേഷ ചരിത്രമുഹൂർത്തം –പ്രൊഫ. എം.പി.മത്തായി

ദേശീയ വിദ്യാഭ്യാസ നയം 2020, മൂലധന ശക്തികളുടെ താല്പര്യാർഥം പൊതുവിദ്യാഭ്യാസത്തെ ഇല്ലായ്മ ചെയ്യുകയും ആധുനിക വൈജ്ഞാനിക ശാഖകളെ നിഷേധിച്ചുകൊണ്ട് പൗരാണിക വിശ്വാസപ്രമാണങ്ങളെ വിദ്യാഭ്യാസം എന്ന പേരിൽ പുതിയ തലമുറയ്ക്കുമേൽ കെട്ടിവയ്ക്കുകയും ചെയ്യുന്ന ഈ വിദ്യാഭ്യാസ വിരുദ്ധ പദ്ധതിയെ ഏതർത്ഥത്തിലും ചെറുത്ത് പരാജയപ്പെടുത്തേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. വിവിധ ജനസമര നേതാക്കൾ ഒന്നിച്ചണിനിരക്കുന്ന സവിശേഷ ചരിത്ര മുഹൂർത്തമാണിത്.

## തകർന്ന നടപ്പാതകൾ സർക്കാരിന്റെ ഗതാഗത നയം ജനവിരുദ്ധമെന്ന് തെളിയിക്കുന്നു –സി.ആർ.നീലകണ്ഠൻ

ഗതാഗത നയം പോലെയുള്ള സുപ്രധാനമായ നയങ്ങൾ തീരുമാനിക്കുന്നത് ജനതാല്പര്യത്തെ തീരെ മാനിക്കാതെയാണ് . ഒരു രാജ്യത്തെ ഗതാഗത സംവിധാനം മനസ്സിലാക്കാൻ ഫുട്ട് പാത്തുകൾ ശ്രദ്ധിച്ചാൽ മതിയാവും.സാധാരണക്കാർക്ക് നടപ്പാതകൾ പോലും ഇല്ലാത്ത ഗതാഗത നയമാണ് നമ്മുടെ സർക്കാരുകൾ പിന്തുടരുന്നത്.

തീരദേശ ഹൈവേയും മലയോര ഹൈവേയും വലിയ ദുരന്തമാണ് സൃഷ്ടിക്കുന്നത്. ഇത് കുടിയിറക്കലിന്റെ കാലമാണ്. കിഴക്കുനിന്നും പടിഞ്ഞാറ് നിന്നും ജനം കുടിയിറങ്ങുകയാണ്. ദേശീയപാത വികസനം ഇപ്പോൾ ജനങ്ങളുടെ സൗകര്യം വർധിപ്പിക്കുകയല്ല മറിച്ച് കുറയ്ക്കുകയാണ് ചെയ്യുന്നത്. നിലവിലുള്ള ജലപാതകൾ സംരക്ഷിക്കുവാൻ കഴിയാതെ പോകുന്നു. വേഗത്തിൽ പോകണോ പോകണ്ടായോ എന്നതല്ല പ്രശ്നം. നിലവിലുള്ള സഞ്ചാര പാതകൾ കൂടുതൽ മെച്ചപ്പെടുത്തി പൊതുസമൂഹത്തിന് പ്രയോജനപ്രദമാക്കി തീർക്കുക എന്നതാണ് ഇവിടെ ഉണ്ടാകേണ്ടത്.

## കൺവൻഷൻ അംഗീകരിച്ച ആലപ്പുഴ പ്രഖ്യാപനം

"കേരള സംസ്ഥാന ജനകീയ

(ശേഷം 7–ാം പേജിൽ)



അഡ്വ.ഒ.ഹാരിസ്, എസ്.സുരേഷ് കുമാർ, പ്രമോദ് പുഴങ്കര, ഡോ.ബിനു സചിവോത്തമപുരം, ജോർജ്ജ് മുല്ലക്കര, കെ.ശൈവപ്രസാദ്, ബി.ദിലീപൻ. എം.പി.ബാബുരാജ്, പ്രൊഫ.ജോർജ്ജ് ജോസഫ്

# ജനകീയ പ്രതിരോധ സമിതി വഴിതെളിച്ച സമരപാത മാത്രമാണ് ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള ഒരേയൊരു മാർഗ്ഗം


ഡോ.ഡി.സുരേന്ദ്രനാഥ്, ഡോ.ആസാദ്, എസ്.രാജീവൻ, റ്റി.ബി.വിശ്വനാഥൻ, ജോർജ്ജ് മാത്യു കൊട്ടുമൺ

(6–ാം പേജിൽ നിന്ന്)

പ്രതിരോധ സമിതിയുടെ രൂപീകരണ കൺവൻഷൻ കൈക്കൊണ്ട പ്രമേയം, പ്രതിരോധ സമിതി ഒരു മാനിഫെസ്റ്റോ എന്ന നിലയിൽ എക്കാലവും ഉയർത്തിപ്പിടിക്കുന്നു. ആ പ്രമേയത്തിൽ പറയുന്നു" ജനജീവിതത്തിന്റെ നീറുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നേതൃത്വം നൽകുക എന്ന ഉത്തരവാദിത്വം മറന്നുകൊണ്ട്, തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ജനങ്ങൾക്ക് ദണ്ഡനവും പീഡനവും മാത്രം നൽകുന്ന അധികാരസ്ഥാനമായി അധഃപതിച്ചാൽ, അതിനെതിരെ പ്രതികരിക്കാനും പ്രതിഷേധിക്കാനുമുള്ള അവകാശം ജനാധിപത്യ വ്യവസ്ഥ തന്നെ ജനങ്ങൾക്ക് നൽകുന്നുണ്ട്. യഥാർത്ഥത്തിൽ ഒരു ജനാധിപത്യ വ്യവസ്ഥിതിയുടെ പരിപാവനമായ അടിത്തറ, ജനങ്ങളുടെ ഉണർവ്വും പ്രബുദ്ധതയും ജാഗ്രതയും ജനകീയ പോരാട്ടങ്ങളുമാണ്. ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ, നിലനിർത്താൻ, വിപുലീകരിക്കാൻ കരുത്തുറ്റ ജനകീയ പ്രസ്ഥാനത്തിന്റെ ഊർജ്ജത്തിന് കഴിയും. ഉദ്ദേശ്യലക്ഷ്യങ്ങളിൽ നന്മനിറഞ്ഞവരും നന്മ കാംക്ഷിക്കുന്നവരുമായ ആൾക്കാർ ഒന്നിച്ച് ചേരുമ്പോൾ ജനങ്ങൾക്ക് ആത്മവിശ്വാസത്തോടെ മുന്നേറാൻ കഴിയും."

അധികാരികളുടെ ആക്രമണങ്ങൾക്കും അനീതിക്കും സാമൂഹ്യ തിന്മകൾക്കുമെതിരെ സ്വയം സംഘടിച്ച് പൊരുതുക എന്ന അടിസ്ഥാന കാഴ്ചപ്പാട്, കഴിഞ്ഞ മൂന്നു പതിറ്റാണ്ടായി അചഞ്ചലം ഉയർത്തിപ്പിടിക്കുന്ന കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ഭാവിയിലും ആ പാതയിലൂടെത്തന്നെ അടിയുറച്ച് മുന്നേറുമെന്ന്, ആലപ്പുഴയിൽ നടക്കുന്ന ഈ സംസ്ഥാന കൺവൻഷൻ പ്രഖ്യാപിക്കുന്നു.

ആഗോളീകരണ നയങ്ങൾക്കനുസൃതമായി സേവന മേഖലകളും ക്ഷേമ പ്രവർത്തനങ്ങളും കൈയൊഴിയുന്ന ഗവണ്മെന്റ് നടപടികളെ, ജനപക്ഷത്തുനിന്ന് പ്രതിരോധ സമിതി ചെറുക്കും. ആത്മഹത്യയിലഭയംപ്രാപിക്കേണ്ടിവരുന്ന കർഷകരെ സമരശക്തിയായി പരിവർത്തിപ്പിക്കുകയെന്ന ദൗത്യം സമിതി തുടർന്നും നിറവേറ്റും. തൊഴിൽ രഹിതരോടും തൊഴിലിടങ്ങളിൽ അടിമപ്പണി ചെയ്യേണ്ടിവരുന്നവരോടും ഐക്യദാർഢ്യം പുലർത്തും.

കോർപ്പറേറ്റ് താല്പര്യങ്ങൾ പേറുന്ന വികസന പദ്ധതികളുടെ പേരിൽ കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ അവകാശ പോരാട്ടങ്ങളിൽ പ്രതിരോധ സമിതി വിട്ടുവീഴ്ചയില്ലാതെ നിലകൊള്ളും. പ്രകൃതിദുരന്തങ്ങൾക്കിരയാകുന്നവരുടെ അതിജീവന സമരങ്ങളിൽ സമിതി ഒപ്പമുണ്ടാകും. പരിസ്ഥിതി സംരക്ഷണത്തിനായി പ്രയത്നിക്കുകയും പരിസ്ഥിതിയെ തകർക്കുന്ന എല്ലാ നീക്കങ്ങളെയും എതിർക്കുകയും ചെയ്യും. സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസമെന്ന അടിസ്ഥാന അവകാശം സ്ഥാപിച്ചെടുക്കാൻ ജനകീയ മുന്നേറ്റങ്ങൾ സംഘടിപ്പിക്കും. ജനാധിപത്യാവകാശങ്ങളും മതേതര മൂല്യങ്ങളും സംരക്ഷിക്കാൻ മനുഷ്യാന്തസ്സ് ഉയർത്തിപ്പിടിച്ചുകൊണ്ട് സമിതി നിലകൊള്ളും. സ്ത്രീകളുടെ തുല്യതയ്ക്കായി വാദിക്കുകയും എല്ലാ ദുർബല ജനവിഭാഗങ്ങളോടും അനുഭാവം പുലർത്തുകയും ചെയ്യും. ഉന്നതമായ മാനുഷിക മൂല്യങ്ങളിൽ അടിയുറച്ച രാഷ്ട്രീയ പ്രബുദ്ധത വളർത്തിയെടുക്കാൻ സമിതി നിരന്തര പരിശ്രമം നടത്തും. നാടിന്റെ നന്മയ്ക്കായി ജീവിതം സമർപ്പിച്ച എല്ലാ മഹാത്മാക്കളുടെയും ജീവിത സന്ദേശം ഉൾക്കൊണ്ട് പ്രവർത്തിക്കുമെന്നും കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ ആലപ്പുഴ കൺവൻഷൻ പ്രതിജ്ഞ ചെയ്യുന്നു.

## കർമ്മപദ്ധതിക്ക് രൂപംനൽകിയ ചർച്ചാസമ്മേളനങ്ങൾ

ഇക്കഴിഞ്ഞ സംവത്സരങ്ങളിൽ പ്രതിരോധ സമിതി നടത്തിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട് ജനറൽ സെക്രട്ടറി എം. ഷാജർഖാൻ അവതരിപ്പിച്ചു.

ജീവിത ദുരിതങ്ങൾ ദിനംപ്രതി വർദ്ധിച്ചുവരുമ്പോൾ പ്രതിരോധ പ്രവർത്തകരുടെ ഉത്തരവാദിത്തങ്ങൾ ഏറിവരികയാണെന്ന് അദ്ദേഹം പറഞ്ഞു. കൂടുതൽ കരുത്തുറ്റതും ഏകോപിതവുമായ സമര സംഘാടനം നടത്തുവാൻ കാലം നമ്മോട് ആവശ്യപ്പെടുന്നു. വ്യത്യസ്ത സമരമുഖങ്ങളിൽ അതിജീവനത്തിനായി പൊരുതുന്നവർ ഒറ്റക്കെട്ടായി പോരാടുമെങ്കിൽ, ഭരണാധികാരികളുടെ ഏത് കൊടിയ ആക്രമണത്തെയും പ്രതിരോധിക്കാനാവുമെന്നതാണ് ഇക്കഴിഞ്ഞ ദശാബ്ദങ്ങളിലെ സമരാനുഭവങ്ങൾ പകർന്നു നൽകുന്ന വിലപ്പെട്ട പാഠമെന്ന് റിപ്പോർട്ടിൽ ജനറൽ സെക്രട്ടറി ചൂണ്ടിക്കാട്ടുന്നു.

കൺവൻഷനിൽ വിവിധ വിഷയങ്ങളെ ആധാരമാക്കി നാല് ചർച്ചാ സമ്മേളനങ്ങൾ നടന്നു.

'പാരിസ്ഥിതിക ദുരന്തങ്ങൾ, കാരണങ്ങൾ' എന്നിവയെ സംബന്ധിക്കുന്ന ചർച്ചാസമ്മേളനത്തിൽ ബി.ദിലീപൻ മോഡറേറ്റർ ആയിരുന്നു. പ്രൊഫ.കുസുമം ജോസഫ്, എം.പി.ബാബുരാജ്, ആർ.പാർത്ഥസാരഥിവർമ്മ എന്നിവർ ചർച്ചകളിൽ പങ്കെടുത്തു. 'വിനാശ വികസനം പൊതുഗതാഗതം തുടച്ചുനീക്കുന്നത് എങ്ങനെ' എന്ന ചർച്ചയിൽ ശൈവപ്രസാദ് മോഡറേറ്ററായി. ജോസഫ് സി. മാത്യു, ഡോ.ആസാദ്, എസ്. സീതിലാൽ, മിനി കെ.ഫിലിപ്പ് എന്നിവർ സംസാരിച്ചു.

'കേരള മോഡൽ ആരോഗ്യ മേഖല ഇനിയെത്ര നാൾ' എന്ന വിഷയത്തിലുള്ള ചർച്ചയിൽ ഡോ.ഡി.സുരേന്ദ്രനാഥ് മോഡറേറ്റർ ആയിരുന്നു. ഡോ.കെ.എസ്. മനോജ്, എൻ.കെ.ബിജു, എസ്. മിനി എന്നിവർ സംസാരിച്ചു.

'വിദ്യാഭ്യാസത്തെ കുരുതികൊടുക്കുന്ന കേന്ദ്ര, സംസ്ഥാന നയങ്ങൾ' എന്ന വിഷയത്തിലുള്ള ചർച്ചയിൽ പ്രൊഫ.വിൻസന്റ് മാളിയേക്കൽ മോഡറേറ്ററായി. അഡ്വ. ബി.കെ.രാജഗോപാൽ പ്രൊഫ. ജോർജ് ജോസഫ്, അഡ്വ.ഇ.എൻ. ശാന്തിരാജ് എന്നിവർ സംസാരിച്ചു. സംസ്ഥാനമൊട്ടാകെ നടക്കുന്ന വിവിധ ജനകീയ സമരങ്ങളുടെ പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുത്തു.

എസ്.രാജീവൻ (കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി, സംസ്ഥാന കൺവീനർ), എസ്.സുരേഷ്കുമാർ (കരിമണൽ ഖനന വിരുദ്ധ ഏകോപന സമിതി ചെയർമാൻ), റജീന അഷറഫ് (നെൽകർഷക സംരക്ഷണ സമിതി സംസ്ഥാന സെക്രട്ടറി) റ്റി.ജെ.പീറ്റർ(കർഷക സമര ഐക്യദാർഢ്യ സമിതി) അഡ്വ.ഒ.ഹാരീസ്(സോഷ്യൽ ഫോറം, കായംകുളം), കെ.എസ്. ഗോപി(സാധുജന വിമോചന സംയുക്ത വേദി), ജോർജ്ജ് മാത്യു കൊട്ടുമൺ (മദ്യവിരുദ്ധ ജനകീയ സമിതി), ഗോപി മാടപ്പാട്ട് (കുട്ടിക്കൽ അതിജീവന കൂട്ടായ്മ), ഡോ. ബിനു (സചിവോത്തമപുരം ആശുപത്രി സംരക്ഷണ സമിതി), കെ.സി.ശ്രീകുമാർ(ആലപ്പാട് സമരസമിതി), പി.എം.വർഗ്ഗീസ്(സ്വതന്ത്ര മത്സ്യത്തൊഴിലാളി യൂണിയൻ), പി.പി.എബ്രഹാം(ടാർ മിക്സിങ്ങ് വിരുദ്ധ സമരസമിതി), റെജി മലയാലപ്പുഴ (പശ്ചിമഘട്ട സംരക്ഷണ സമിതി , പത്തനംതിട്ട), കെ.ആർ.ഷാജി(പൊക്കാളി സംരക്ഷണ സമിതി) തുടങ്ങിയവർ പ്രസംഗിച്ചു.

ജനങ്ങളോടുള്ള കൂറും കറകളഞ്ഞ പൊതുപ്രവർത്തന പാരമ്പര്യവും മുറുകെപ്പിടിക്കുന്ന ജനകീയ നേതാക്കളുടെയും കേരളത്തിലെ ജനകീയ സമരങ്ങളുടെ പ്രതിനിധികളുടെയും വലിയനിരയെ ഉൾക്കൊള്ളുന്ന, കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ പുതിയ സംസ്ഥാന സംഘടനയെ കൺവൻഷൻ തിരഞ്ഞെടുത്തു.

പ്രൊഫ. കെ.അരവിന്ദാക്ഷൻ, ബിഷപ്പ് ഗീവർഗീസ് മാർ കൂറിലോസ്, അഡ്വ.മഞ്ചേരി സുന്ദർരാജ്, അഡ്വ.മാത്യു വേളങ്ങാടൻ, ശ്രീധർ രാധാകൃഷ്ണൻ എന്നിവരടങ്ങുന്ന ഉപദേശക സമിതി, പ്രൊഫ. എം.പി.മത്തായി(പ്രസിഡന്റ്), ഡോ.ഡി.സുരേന്ദ്രനാഥ്, സി.ആർ. നീലകണ്ഠൻ, പ്രൊഫ.വിൻസെന്റ് മാളിയേക്കൽ, എ.ജെയിംസ്, ഡോ.കെ.ജി.താര, ഡോ.ആസാദ്, രാജൻ ചെറുകാട്, ബി.ദിലീപൻ (വൈസ് പ്രസിഡന്റുമാർ), എം. ഷാജർഖാൻ(ജനറൽ സെക്രട്ടറി), പ്രൊഫ.ഫ്രാൻസിസ് കളത്തുങ്കൽ (ട്രഷറർ )എന്നിവർക്കു പുറമെ, 38 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെയും 18 അംഗ സെക്രട്ടേറിയറ്റിനെയും 42 അംഗ ജനറൽ കൗൺസിലിനെയും കൺവൻഷൻ തിരഞ്ഞെടുത്തു. ■


ടി.ജെ.പീറ്റർ, കെ.സി.ശ്രീകുമാർ, സലാം കാടാപുറം, റജീന അഷ്റഫ്, അഡ്വ.ബി.കെ.രാജഗോപാൽ, എസ്.മിനി, എൻ.കെ.ബിജു, ടി.മുരളി, അഡ്വ.ഇ.എൻ.ശാന്തിരാജ്


പി.എം.വർഗ്ഗീസ്, ജ്യോതി കൃഷ്ണൻ, റെജി മലയാലപ്പുഴ, മണികണ്ഠൻ പൂലന്തറ, മിനി കെ.ഫിലിപ്പ്, എസ്.സീതിലാൽ, പ്രൊഫ.ജോയി മൈക്കിൾ, കെ.എസ്.ഗോപി, ഗോപി മാടപ്പാട്ട്

## സിഒപി29: കാലാവസ്ഥാ ഉച്ചകോടി

# ജനപക്ഷ പാരിസ്ഥിതിക ലക്ഷ്യങ്ങളെ സാമ്രാജ്യത്വ ശക്തികൾ പരാജയപ്പെടുത്തുന്നു

**അസർബൈജാനിലെ ബാക്കുവിൽ നടന്ന സിഒപി29 കാലാവസ്ഥാ ഉച്ചകോടി, ഭീതിദമായ കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിന് രാജ്യങ്ങൾ ഒത്തുചേർന്നു ധാരണയിലെത്താനുള്ള നടപടികളുടെ പ്രധാന വഴിത്തിരിവാകേണ്ടതായിരുന്നു. ഫോസിൽ ഇന്ധനങ്ങൾ അനിയന്ത്രിതമായി കത്തിച്ച് ആഗോളതാപനത്തിന് കാരണമാവുന്ന ഹരിതഗൃഹ വാതകങ്ങളായ കാർബൺ ഡയോക്സൈഡ്, മീഥേൻ എന്നിവ അശ്രദ്ധമായി പുറത്തുവിടുന്നതിനെ തടയുവാനുള്ള സമവായത്തിൽ എത്തിച്ചേരാൻ മുൻകാലങ്ങളിലെപ്പോലെ തന്നെ ഈ ഉച്ചകോടിയും പരാജയപ്പെട്ടു. പങ്കെടുക്കുന്ന വിവിധ രാജ്യങ്ങൾ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ ഈ സമ്മേളനവും അടയാളപ്പെടുത്തി.**




ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ സ്വയം കുറയ്ക്കാനും ഹരിത ഇന്ധനത്തിന്റെ ഉപയോഗത്തിലേക്ക് സാവധാനം മാറുന്നതിനും അവികസിത രാജ്യങ്ങൾക്ക് ആവശ്യമായ ഫണ്ട് നൽകാൻ മടികാണിക്കുന്ന അമേരിക്കപോലുള്ള ശക്തരായ മുതലാളിത്ത സാമ്രാജ്യത്വ ശക്തികളുടെ നിലപാടിൽ മാറ്റം വന്നോ എന്നതാണ് ഉച്ചകോടിയിലുയർന്ന പ്രധാന ചോദ്യം. വികസിതമായ മുതലാളിത്ത സാമ്രാജ്യത്വ രാജ്യങ്ങളിലെ ഊർജ്ജോൽപാദന ഗതാഗതരംഗങ്ങളിലാണ് ഭൂരിഭാഗം ഹരിതഗൃഹ വാതകങ്ങളും പുറംതള്ളുന്നത്. എന്നാൽ ഈ വല്യേട്ടന്മാർ ഇതിൽ കുറവുവരുത്താൻ തീരെ മനസ്സ് വയ്ക്കുന്നില്ല; പകരം താരതമ്യേന കുറഞ്ഞ അളവിൽ ഇവ പുറം തള്ളുന്ന മറ്റു ചെറുരാജ്യങ്ങളെ അവർ താക്കീതു ചെയ്യുകയാണ്. വികസിതവും അവികസിതവുമായ രാജ്യങ്ങൾ ഓരോന്നും നിശ്ചിത സമയംകൊണ്ട് എന്തൊക്കെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കണം എന്നതിലും രാജ്യങ്ങൾ മാലിന്യം തള്ളുന്നത് കുറയ്ക്കാനായി എത്ര തുക മുടക്കണം എന്നതിനെ ചൊല്ലിയും സ്ഥിരമായി സംഘർഷത്തിലാണ്. കഴിഞ്ഞ സെപ്തംബറിൽ ഫ്ലോറിഡയിലെ ബിഗ് ബെന്റ് മേഖലയിൽ 150ൽ അധികം പേരുടെ ജീവനെടുത്തുകൊണ്ട് ആഞ്ഞടിച്ച ഹെലിൻ ചുഴലിക്കാറ്റുൾപ്പെടെയുള്ളവയെക്കുറിച്ച് നടത്തിയ ഗവേഷണങ്ങൾ, കാലാവസ്ഥ പ്രതിസന്ധിയെക്കുറിച്ച് ഭീകരമായ ചിത്രം നൽകുമ്പോഴും അമേരിക്കൻ പ്രസിഡന്റായ ഡൊണാൾഡ് ട്രംപ് അതിൽ നിന്ന് മുഖം തിരിക്കുകയാണ്. പ്രളയത്തെ പ്രതിരോധിക്കുന്നതിലും ഇതേ നയം തന്നെ അദ്ദേഹം തുടരുമോ എന്നതിലും പരിസ്ഥിതിവാദികളാകെ ആശങ്കയിലാണ്.

### കാർബൺ വിപണിയിലെ പരാജയം

യുഎൻ അധികാരികൾ പെട്രോ രാജ്യമെന്നറിയപ്പെടുന്ന അസർബൈജാനെ ഉച്ചകോടിയുടെ ആതിഥേയ രാജ്യമാക്കിയതു തുടങ്ങി തടസ്സങ്ങൾ നിറഞ്ഞ പാതയിലൂടെയാണ് സിഒപി 29 നീങ്ങിയത്. നിലവിലുള്ള വ്യവസ്ഥകളിലെ മാറ്റത്തിനു പകരം കമ്പോളത്തിലെ പ്രശ്നങ്ങളുടെ പരിഹാരമായിരുന്നു ഉച്ചകോടിയുടെ ശ്രദ്ധ. എന്താണീ വിപണി അടിസ്ഥാനമാക്കിയ പരിഹാരം? കാർബൺ വിപണിയെയാണ് അത് അടിസ്ഥാനമാക്കുന്നത്. കാർബണിന്റെ ക്രെഡിറ്റുകൾ വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന സംവിധാനമാണ് കാർബൺ വിപണി.

ഹരിതഗൃഹ വാതകങ്ങളുടെ ഉദ്വമനം നിർത്തലാക്കുകയോ കുറയ്ക്കുകയോ ചെയ്യുന്ന സ്ഥാപനങ്ങളിൽനിന്നും കാർബൺ ക്രെഡിറ്റുകൾ വാങ്ങി, വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ അവർ നടത്തുന്ന ഹരിതഗൃഹ വാതക ഉദ്വമനത്തിന് അത് നഷ്ടപരിഹാരമായി നൽകാം! വിപണനം നടത്തുന്ന ഒരു ‘കാർബൺ ക്രെഡിറ്റ്’ എന്നത് ഒരു ടൺ കാർബൺ ഡയോക്സയിഡിനോ മറ്റ് ഹരിതഗൃഹ വാതകത്തിനോ തുല്യമാണ്. അല്ലെങ്കിൽ, ഉപയോഗത്തിൽനിന്നും ഒഴിവാക്കുകയോ കുറക്കുകയോ വേർതിരിച്ചെടുക്കുകയോ ചെയ്യുന്ന മറ്റേതെങ്കിലും ഹരിതഗൃഹ വാതകത്തിന്റെയോ അളവിനും തത്തുല്യമാവാം; എന്നാൽ, അതിന് വ്യാപാര മൂല്യം ഉണ്ടാവില്ല.

ദരിദ്ര രാജ്യങ്ങളിൽനിന്നും വില കുറഞ്ഞ കാർബൺ ക്രെഡിറ്റുകൾ വാങ്ങിക്കൊണ്ട് തങ്ങൾ നടത്തിയിരിക്കുന്ന യഥാർത്ഥ കാർബൺ ബഹിർഗമനത്തിനുള്ള പിഴയെ മറികടക്കുകയാണ് വികസിത സാമ്രാജ്യ രാജ്യങ്ങൾ ചെയ്യുന്നത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ അടിസ്ഥാന കാരണങ്ങളെ കൈകാര്യം ചെയ്യാതെ തന്നെ ബഹിർഗമനം തട്ടിക്കിഴിക്കാനുള്ള(offset) “ഗ്രീൻ വാഷിംഗ്” എന്ന പേരിലറിയപ്പെടുന്ന പരിപാടിയാണിത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ മൂലകാരണങ്ങൾ തടയാതെ തന്നെ പാരിസ്ഥിതിക ഉത്തരവാദിത്തങ്ങൾ മറികടക്കാൻ കോർപ്പറേറ്റുകളെയും സമ്പന്ന രാഷ്ട്രങ്ങളെയും സഹായിക്കാനുള്ള സംവിധാനമാണ് ഇത്.

കാർബൺ മാർക്കറ്റുകൾ എന്ന മധുരം പുരട്ടി പ്രകൃതിയെത്തന്നെ ഒരു തരത്തിൽ വാണിജ്യവൽക്കരിക്കാനുള്ള ഈ നീക്കത്തിലൂടെ പാരിസ്ഥിതികമായ കാര്യനിർവ്വഹണങ്ങൾ കേവലം സാമ്പത്തിക ഇടപാടായി ചുരുങ്ങുകയാണ്. അമേരിക്ക ഉൾപ്പെടെയുള്ള ഉത്തരാർദ്ധ ഗോളത്തിലെ സാമ്രാജ്യത്വ മുതലാളിത്ത രാജ്യങ്ങൾ ആഗോളതാപനം കുറക്കാനുള്ള തങ്ങളുടെ ഉത്തരവാദിത്തത്തിൽനിന്നും ഒഴിഞ്ഞു മാറുമ്പോൾ ദക്ഷിണ ഗോളത്തിലെ പാരിസ്ഥിതികമായ തകർച്ചയുടെ ആഘാതം അവിടുത്തെ കൊടിയ ചൂഷണമനുഭവിക്കുന്ന സമൂഹംതന്നെ ഏറ്റുവാങ്ങേണ്ടി വരുന്നു.

കാർബൺ വിപണികൾ ഫലമില്ലാത്തതും വഞ്ചനാപരവുമാണെന്ന് ശാസ്ത്രീയമായ കോണിൽ പണ്ടുതന്നെ വിമർശിക്കപ്പെട്ടിരുന്നു. ഹരിതഗൃഹ വാതക ഉദ്വമനത്തിൽ യഥാർത്ഥത്തിൽ കുറവ് വരുത്തുവാൻ ഇത് പരാജയപ്പെടുന്നുവെന്ന് ഗവേഷണങ്ങൾ സ്ഥിരമായി തുറന്നു കാണിക്കുന്നു. കാലാവസ്ഥ വ്യതിയാനത്തിന്റെ യഥാർത്ഥ കാരണങ്ങളെ-ഫോസിൽ ഇന്ധനത്തെ ആശ്രയിക്കൽ, ഉപഭോക്തൃ സംസ്കാരം, യൂസ് ആന്റ് ത്രോ, അമിതോപയോഗം-നേരിടുന്നതിനു പകരം കാർബൺ വിപണി ഈ മേഖലയിൽ പുരോഗതി നേടുന്നു എന്ന വ്യാജമായ പൊതുബോധം പടർത്തുന്നു.

ആഗോളതാപനം 1.5oC ആയി പരിമിതപ്പെടുത്തണമെന്ന് കാലാവസ്ഥ വ്യതിയാന ഇന്റർ ഗവൺമെന്റൽ പാനൽ (IPCC) വ്യക്തമാക്കുകയുണ്ടായി. കഴിഞ്ഞ ദശാബ്ദങ്ങളിലെ ആഗോളതാപനത്തിന്റെ തോത് രേഖപ്പെടുത്തിക്കൊണ്ട് അതിൽ കാര്യമായ പുരോഗതി കൈവരിക്കാനായില്ല എന്നതിനാൽ കാർബൺ വിപണി ഒരു പരാജയമാണെന്ന പരാമർശം ഉച്ചകോടിയിൽ ചർച്ചയായില്ല. പകരം ഈ ‘വിപണി’യെ വിപുലീകരിക്കുവാനും അതാണ് കാലാവസ്ഥാ വ്യതിയാനത്തിന് പരിഹാരം എന്നുമവർ അവതരിപ്പിക്കുന്നു. മുതലാളിത്ത ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും നിർദ്ദേശങ്ങൾക്ക് അനുസരിച്ചുള്ള ഈ സ്ഥിരീകരണങ്ങൾ അവർക്ക് അസുഖകരമായ ഒരു യാഥാർത്ഥ്യത്തെ അവഗണിക്കാനാണ്: മനുഷ്യാധ്വാനത്തെയും പ്രകൃതിവിഭവങ്ങളെയും നിഷ്ഠുരം ചൂഷണം ചെയ്തുള്ള ഈ ലാഭം വർദ്ധിപ്പിക്കുന്നതു വഴിയാണ് മുതലാളിത്തത്തിന്റെ വളർച്ച. അതിനാൽ കാലാവസ്ഥ പ്രതിസന്ധി സാമ്പത്തിക വികസനത്തിന്റെ ഒരു ചെറിയ പാർശ്വഫലമല്ല; മറിച്ച്, മുതലാളിത്ത വ്യവസ്ഥയുടെ സൃഷ്ടിയാണ്.

### കാലാവസ്ഥാ നീതിയും നഷ്ടപരിഹാരത്തിന്റെ പ്രശ്നവും

ചില പരിമിതമായ സാമ്പത്തിക ലക്ഷ്യങ്ങളുടെ ലക്ഷ്യം പൂർത്തീകരിച്ച് 2024 നവംബർ 24ന് അവസാനിച്ച സിഒപി29 ഉച്ചകോടി, പ്രതീക്ഷിച്ച തരത്തിൽ ഹരിതഗൃഹ വാതകങ്ങളുടെ ഉദ്വമനം കുറയ്ക്കാനുള്ള പ്രതിജ്ഞാബദ്ധമായ ഒരു പ്രഖ്യാപനവും നൽകാതെ പരാജയപ്പെട്ടു. രാജ്യങ്ങൾക്കിടയിലുള്ള അസാധാരണമാം വിധത്തിലുള്ള പിരിമുറുക്കങ്ങൾ അത് പ്രകടമാക്കി. അസർബൈജാൻ പ്രസിഡന്റ് ഇൽഹാം പറഞ്ഞത് എണ്ണയും വാതകവും “ദൈവത്തിന്റെ സമ്മാനമാണ്” എന്നാണ്. കാലാവസ്ഥാ നയതന്ത്രത്തിന്റെ ഭാവിയെക്കുറിച്ച് പരിസ്ഥിതി പ്രവർത്തകരിൽ അത് ആഴത്തിലുള്ള ഉൽക്കണ്ഠ വിതച്ചു. മനുഷ്യ നാഗരികതയുടെ നിലനില്പിനെക്കുറിച്ച് ചിന്തിക്കാൻ ആഗോള കുത്തകകൾക്ക് കഴിയില്ലെന്നും തങ്ങളുടെ ലാഭം അനുസ്യൂതം വർദ്ധിപ്പിക്കാനുള്ള ശ്രമത്തിനിടയിൽ ഈ ഭയാനകമായ അവസ്ഥ അവർക്ക് ഒരു വിഷയമേയല്ലെന്നും ഈ ഉച്ചകോടി വെളിവാക്കുന്നു.

പരിസ്ഥിതി ആക്ടിവിസ്റ്റുകളുടെ അഭിപ്രായത്തിൽ, സിഒപി29 ദക്ഷിണ ഗോളത്തിലെ അവികസിത-വികസ്വര രാഷ്ട്രങ്ങൾക്ക് ഹാനികരമാണ്. കാലാവസ്ഥാ നീതിയെക്കുറിച്ച് ധാരാളം വാചാടോപങ്ങൾ ഉണ്ടായിട്ടും പ്രതീകാത്മകമായ ചെറിയ ആനുകൂല്യങ്ങളും പൂർത്തീകരിക്കാത്ത വാഗ്ദാനങ്ങളുമാണ് ബാക്കിവച്ചത്. കടൽ വെള്ളം ഉയർന്നതു വഴി ആഘാതമനുഭവിക്കുന്ന ചെറിയ ദ്വീപു രാജ്യങ്ങൾക്ക് പ്രതിവർഷം 300 ദശലക്ഷം ഡോളറും അവികസിത രാജ്യങ്ങൾക്ക് 2200 ദശലക്ഷം ഡോളറും പിഴയായി നൽകണമെന്നുള്ള നിർദ്ദേശം വർഷങ്ങൾക്കുശേഷവും ഉച്ചകോടി അവഗണിച്ചു. കാലാവസ്ഥാ വ്യതിയാനത്തിന് പ്രധാന കാരണക്കാരല്ലാതിരിക്കുന്ന ഈ അവികസിതരാജ്യങ്ങൾക്ക് ഇന്ന് വലിയ ഭാരമാണ് ചുമക്കേണ്ടി വരുന്നത്. പക്ഷേ, അമേരിക്കപോലുള്ള സമ്പന്ന മുതലാളിത്ത രാജ്യങ്ങൾ ഫോസിൽ ഇന്ധനം കുറക്കാനുള്ള ഉത്തരവാദിത്തം ഉപേക്ഷിക്കുകയും സ്വന്തം ലാഭക്കൊതിക്ക് ആക്കം കൂട്ടുകയുമാണ്. ചെറുരാജ്യങ്ങൾക്ക് കാർബൺ പുറന്തള്ളൽ കുറയ്ക്കാനായി നൽകേണ്ട അർഹമായ സാമ്പത്തിക സഹായവും അവർ നിഷേധിക്കുകയാണ്.


കാലാവസ്ഥാ നഷ്ടപരിഹാരം എന്നത് സാമ്പത്തിക സഹായം മാത്രമല്ല; നിലവിലുള്ള പ്രതിസന്ധിയിലേക്ക് നയിച്ച ചരിത്രപ്രക്രിയയുടെയും അനീതിയുടെയും ഉത്തരവാദിത്തത്തോടെയുള്ള ബോദ്ധ്യപ്പെടലും കൂടിയാണ്. ഫോസിൽ ഇന്ധനങ്ങളുടെ അമിതമായ ഉപയോഗത്തിലൂടെ പ്രകൃതിയുടെ ആരോഗ്യം കെടുത്തി, സമ്പത്തു കുന്നുകൂട്ടിയ ധനിക രാഷ്ട്രങ്ങൾ, അവരുണ്ടാക്കിയ പാരിസ്ഥിതികമായ കടത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കണം. എന്നിട്ടും സിഒപി29 കാലാവസ്ഥാ ധനസഹായത്തിനായി നിർദ്ദേശിച്ച സാമ്പത്തിക സംവിധാനങ്ങൾ തീർത്തും അപര്യാപ്തമായി തുടരുന്നു. ദക്ഷിണാർത്ഥ ഗോളത്തിന്റെ ജീവനാഡിയായി ഉയർത്തിക്കാട്ടുന്ന, വാർഷികമായി നൽകാമെന്നേറ്റ 100 കോടി ഡോളർ എന്ന വളരെ അപര്യാപ്തമായ തുകയും ഒരു ദശാബ്ദമായി തുടരുന്ന വാഗ്ദാനലംഘനങ്ങളും പ്രഹസനം മാത്രമാണ്.

മനുഷ്യജീവിതത്തെ നിയന്ത്രിക്കുന്ന സാമ്പത്തിക, സാമൂഹിക ഘടനകളിൽ നിന്നും കാലാവസ്ഥ പ്രതിസന്ധിയെ വേർതിരിക്കാനാവില്ല എന്ന വസ്തുത തിരിച്ചറിയാൻ ഉച്ചകോടിക്ക് കഴിഞ്ഞില്ല. നഗരത്തിലെ ജനസംഖ്യ വർദ്ധിക്കുമ്പോൾ അസമത്വം കൂടുതൽ ആഴം വയ്ക്കുന്നു. ദരിദ്രരും പാർശ്വവല്ക്കരിക്കപ്പെട്ടവരും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഏറ്റവും തിക്തമായ ഫലങ്ങളാൽ പുളയുമ്പോൾ സമ്പന്നരാകട്ടെ കാലാവസ്ഥ നിയന്ത്രിക്കപ്പെട്ട ഇടങ്ങളിൽ ഒറ്റപ്പെട്ടുകഴിയുകയാണ്. സിഒപി29ൽ അവതരിപ്പിച്ച മൂർത്തമായ നയങ്ങളിൽ ഇത്തവണ "ആരേയും ഉപേക്ഷിക്കരുത്" എന്ന വാചാടോപം പ്രകടമല്ലായിരുന്നു. കാലാവസ്ഥാ പ്രതിസന്ധിയുടെ ചൂടുള്ള ദ്വീപുകളായി മാറിയ ആധുനിക നഗരങ്ങളിലെ സാമൂഹിക ഘടനതന്നെ അസമത്വത്താൽ കീറി മുറിക്കപ്പെടുന്നു-സമ്പന്നർ എയർ കണ്ടീഷൻ പോലുള്ള സംവിധാനത്തിൽ സ്വയം സംരക്ഷിക്കുന്നു; ദരിദ്രരാകട്ടെ, ആഗോള താപനത്തിലും മോശമായ കാലാവസ്ഥയിലും അഭൂതപൂർവ്വമായ അന്തരീക്ഷ മലിനീകരണം സൃഷ്ടിക്കുന്ന നരകാവസ്ഥയിലും ഉഴലുന്നു. വൻകിട രാജ്യങ്ങൾ

(ശേഷം 9–ാം പേജിൽ)

# മുതലാളിമാരുടെ ലാഭം വർദ്ധിപ്പിക്കാൻ ഡൽഹിയെ ഗ്യാസ് ചേംബർ ആക്കുന്നു

**മഞ്ഞുകാലം വരുന്നതോടെ രാജ്യ തലസ്ഥാനമായ ഡൽഹി വായു മലിനീകരണംമൂലം ഒരു ഗ്യാസ് ചേമ്പറായി മാറുകയാണ്. കഴിഞ്ഞ നവംബർ, ഡിസംബർ മാസങ്ങളിലും സ്ഥിതി ഒട്ടും വ്യത്യസ്തമായിരുന്നില്ല, മറിച്ച് വഷളായെങ്കിലേയുള്ളൂ. ശ്വാസമെടുക്കാൻ ബുദ്ധിമുട്ട്, കണ്ണെരിച്ചിൽ, തൊണ്ട വരളുന്ന സ്ഥിതി ഒക്കെയുണ്ട്. നട്ടുച്ചയ്ക്കും 100 മീറ്റർ അകലെയുള്ള വീടുകൾപോലും ദൃശ്യമല്ല. രാവിലെ സംസ്ഥാനത്തിന്റെ വടക്കുഭാഗം മുഴുവൻ മൂടൽമഞ്ഞ് നിറഞ്ഞിരിക്കും. പല സ്ഥലത്തും ഒന്നും കാണാനാവില്ല. ട്രെയിൻ, വിമാനയാത്രകൾ ഒക്കെ തടസ്സപ്പെടുന്നു. ഡൽഹിക്കും അനന്തവിഹാറിനും ഇടയിൽ ട്രെയിനുകൾ രണ്ട് മുതൽ ഒമ്പത് മണിക്കൂർ വരെ വൈകി ഓടുന്നു. ശരിക്കും ഒരു ഗ്യാസ് ചേമ്പർ തന്നെ.**



ഗ്യാസ് ചേമ്പറിന്റെ വാതുക്കൽ ഹിറ്റ്ലർ - ഗോറിംഗ്- ഗീബൽസുമാർ ഒന്നമില്ല. എന്നാൽ ഡൽഹി നിവാസികൾക്ക് ഈ ഗ്യാസ് ചേമ്പറിൽനിന്ന് ജീവനോടെ പുറത്തു കടക്കാനാവില്ല. വിഷവായുശ്വസിച്ച് അവരുടെ ആയുസ്സ് കുറഞ്ഞു കൊണ്ടിരിക്കുകയാണ്. വായു ഗുണനിലവാര സൂചിക 400ന് മുകളിലാണെങ്കിൽ അത് ഗുരുതരമായാണ് കണക്കാക്കുക. എന്നാൽ ഡൽഹിയിൽ പല സ്ഥലത്തും ഇത് മാരകമാം വിധം 800നും 1200നും ഇടയിലാണ് എന്ന് സ്വിറ്റ്സർലൻഡിലെ എയർ ടെക്നോളജി കമ്പനിയായ ഐക്യു എയർ പറയുന്നു. അനന്തവിഹാർ, ദ്വാരക സെക്ടർ 8, വസന്ത വിഹാർ ബ്ലോക്ക് സി എന്നിവിടങ്ങളിൽ ഇത് യഥാക്രമം 1105, 1057, 1041 എന്നിങ്ങനെയാണ്. ഒരു ദിവസം വൈകുന്നേരം ഇത് 1700നു മുകളിലേക്ക് ഉയർന്നു. ഇതുമൂലം ഓക്സിജന്റെ അളവ് കുറയുകയും പൊടിയുടെയും കാർബണിന്റെയും അളവ് കൂടുകയും ചെയ്യും. പുകയടങ്ങിയ മൂടൽമഞ്ഞ് ശ്വസിക്കുമ്പോൾ ശ്വാസകോശത്തിൽ എത്തുന്നവായു ഹൃദയസംബന്ധമായതടക്കം മാരക രോഗങ്ങൾക്ക് കാരണമാകുന്നു. കഴിഞ്ഞ ഒരു ദശാബ്ദകാലമായി ഇത് തുടരുകയാണ്. മൂന്നു കോടിയിലേറെ ആളുകൾ പാർക്കുന്ന ഒരു നഗരത്തിൽ ഈ സ്ഥിതി മാസങ്ങളോളം തുടരുമ്പോൾ ന്യൂറോ സംബന്ധമായ രോഗങ്ങൾ, ഹൃദ്രോഗം, ശ്വാസതടസ്സം, ശ്വാസകോശത്തിന് ശേഷിക്കുറവ്, എന്തിന് ക്യാൻസർപോലും വരാൻ സാധ്യതയുണ്ട്. അസമത്വം നിലനിൽക്കുന്ന ഒരു സമൂഹത്തിൽ, ഇത് സാമൂഹികമായ അസമത്വങ്ങൾ വർധിക്കാനും ഇടയാക്കുന്നു. അയൽ സംസ്ഥാനമായ ഹരിയാനയിൽ മലിനീകരണ നിരക്ക് 631 ആണ്. അതായത് ഒരു ദിവസം 33.25 സിഗരറ്റ് വലിക്കുന്നതിന് തുല്യം. ഇത് അപായകരമല്ല, ഭീകരമായ അവസ്ഥയാണ്. കഴിഞ്ഞ നവംബർ 18ന് ഇത് അങ്ങേയറ്റം അപകടകരമായ നിലയിലെത്തി. മലിനീകരണത്തെ നേരിടാനുള്ള ഗ്രേഡഡ് റെസ്പോൺസ് ആക്ഷൻ പ്ലാനിന്റെ മൂന്നാം ലെവൽ നടപടികളാണ് ഡൽഹി അതുവരെ കൈക്കൊണ്ടിരുന്നത്. എന്നാൽ അന്ന് നാലാം ലെവൽ പദ്ധതി ആവിഷ്കരിക്കേണ്ടിവന്നു. എന്നിട്ടും കാര്യമായ പുരോഗതി ഉണ്ടായില്ല.

## അടിയന്തര നടപടികളൊക്കെ നിഷ്ഫലമായി

2019 മാർച്ചിൽ, ഡൽഹിയിലെ വായു മലിനീകരണത്തെ നേരിടാൻ വനം- പരിസ്ഥിതി-കാലാവസ്ഥാവ്യതിയാനം വകുപ്പ് സമഗ്രമായ ഒരു കർമ്മപദ്ധതി തയ്യാറാക്കുകയുണ്ടായി. വാഹനങ്ങൾ പുറന്തള്ളുന്ന പുക, റോഡിലുള്ള വാഹനങ്ങളുടെ എണ്ണം, നിർമ്മാണ മേഖലയിൽ പുറന്തള്ളുന്ന പൊടി തുടങ്ങിയവയുടെയൊക്കെ കാര്യത്തിൽ പല നിയന്ത്രണങ്ങളും ഏർപ്പെടുത്തി. എന്നിട്ടും പ്രകടമായ മാറ്റമൊന്നും ഉണ്ടായില്ല. 2019 നവംബറിൽ, ഈ വിഷയത്തിൽ സുപ്രീം കോടതി പറഞ്ഞത് ഡൽഹി ഒരു ഗ്യാസ് ചേമ്പറിന് സമാനമായിരിക്കുന്നു, ഇവിടെ ജീവിക്കാതിരിക്കുകയാണ് ഭേദം എന്നാണ്. കർമ്മ പദ്ധതി പ്രകാരം ഇനി എന്താണ് ചെയ്യാനുള്ളത്? മലിനീകരണം നിയന്ത്രിക്കാൻ എന്തു ചെയ്യാൻ കഴിയും? നടപടികൾ കാര്യക്ഷമമല്ല എന്നൊക്കെ കോടതി അഭിപ്രായപ്പെട്ടു. ലോകാരോഗ്യ സംഘടന പറയുന്ന പരമാവധി നിലയേക്കാൾ 20 മടങ്ങ് അധികമായിരുന്നു അന്ന് മലിനീകരണം. സ്കൂളുകൾ അടച്ചു. നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചു. ഡീസൽ കാറുകൾ നിരോധിച്ചു. മിക്കവാറും ഗവൺമെന്റ് ബസ്സുകളും ഓട്ടോറിക്ഷകളും നാല് ചക്ര വാഹനങ്ങളുമൊക്കെ പ്രകൃതി വാതകം (സിഎൻജി) ഉപയോഗിച്ചാണ് ഓടുന്നത്. അല്ലാത്ത കാറുകൾ പെട്രോളിലും. മെട്രോ റെയിൽ ഡൽഹിയിൽ എല്ലായിടത്തും ഉണ്ട്. പടക്കങ്ങൾപോലും നിരോധിച്ചിരിക്കുന്നു. കർമ്മപദ്ധതി നടപ്പിലാക്കുന്നത് വൈകിപ്പിക്കുന്നതിന്റെ പേരിൽ സുപ്രീം കോടതി ഡൽഹിയിലെ ആം ആദ്മി ഗവൺമെന്റിനെയും കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡിനെയും ശാസിക്കുകയുണ്ടായി. മലിനീകരണ ലെവൽ 400 ആയാൽ ഗ്രേഡ് ഫോർ സുരക്ഷാക്രമീകര

(ശേഷം 10-ാം പേജിൽ)

# സിഒപി29: പരാജയപ്പെട്ട മറ്റൊരു കാലാവസ്ഥ ഉച്ചകോടി

(8-ാം പേജിൽ നിന്ന്)

വൻ വാണിജ്യ നേട്ടം കൊയ്യുന്ന, കാർബൺ ഉദ്വമനത്തിന്റെ പ്രധാന സ്രോതസ്സായ വിനോദ സഞ്ചാര വികസനത്തെക്കുറിച്ച് കാലാവസ്ഥ ചർച്ചകളിൽ പാടെ അവഗണിച്ചു. അതുണ്ടാക്കുന്ന പാരിസ്ഥിതിക ആഘാതം നിഷേധിച്ചു കൂടാ. കോവിഡ് ദിനങ്ങൾക്കുമുൻപുള്ള അവസ്ഥയിലേക്ക് 90% ടൂറിസവും തിരിച്ചു വന്നത് ആഗോള സാമ്പത്തിക രംഗത്ത് ആധിപത്യം പുലർത്തുന്ന മുതലാളിത്ത ശക്തികളുടെ മുൻഗണനകളെ എടുത്തു കാണിക്കുന്നുണ്ട്. ടൂറിസത്തിന്റെ മേഖലയിലെ കാർബൺ കാൽപ്പാടുകൾ അംഗീകരിച്ചുവെങ്കിലും അതിന്റെ ആഘാതം കുറയ്ക്കാനുള്ള നടപടികളൊന്നും വാഗ്ദാനം ചെയ്യാൻ സമ്മേളനം കൂട്ടാക്കിയില്ല.

വിനോദ സഞ്ചാര വ്യവസായത്തിന്റെ സുസ്ഥിരമല്ലാത്ത സമ്പ്രദായങ്ങൾ-വില കുറഞ്ഞ വിമാന സർവ്വീസ്, ആഡംബര യാത്രകൾ തുടങ്ങിയവ- ലാഭത്തിനു മുൻഗണന നൽകുന്ന ഒരു ആഗോള സാമ്പത്തിക വ്യവസ്ഥയുടെ വൈരുദ്ധ്യങ്ങളാണ് പ്രതിനിധാനം ചെയ്യുന്നത്. ടൂറിസം, ഫോസിൽ ഇന്ധന ഖനനം പോലെ പാരിസ്ഥിതിക സംതുലനാവസ്ഥയിലോ സാമൂഹിക ക്ഷേമത്തിലോ ആശങ്കയില്ലാത്ത ലാഭാധിഷ്ഠിത ഏർപ്പാടാണ്. ശതകോടികൾ ഉന്നംവയ്ക്കുന്ന ടൂറിസത്തിന്റെ ഹ്രസ്വകാല സാമ്പത്തിക നേട്ടങ്ങൾ ദീർഘകാലത്തെ പാരിസ്ഥിതിക ചെലവുകളുമായി-തിങ്ങി നിറഞ്ഞ നഗരങ്ങൾ, ക്ഷയിച്ച വിഭവങ്ങൾ, മലിനമായ ആവാസ വ്യവസ്ഥകൾ-ഒട്ടും സമവായത്തിലല്ല. ആഗോള സാമ്പത്തിക വ്യവസ്ഥയിൽ ഘടനാപരമായ മാറ്റങ്ങൾ വരാതെ-അത് ടൂറിസത്തിലായാലും മറ്റ് വ്യവസായങ്ങളിലായാലും-കാലാവസ്ഥാ വ്യതിയാനത്തിൽ എന്തെങ്കിലും പുരോഗതി കൈവരിക്കാൻ കഴിയില്ല. ആഗോളതാപനം ലഘൂകരിക്കാനും അതുമായി പൊരുത്തപ്പെടാനുള്ള പ്രവർത്തനങ്ങൾ ഉപരിപ്ലവമായി മാത്രം തുടരും. അതിനാൽ ഉദ്വമനം കുറയ്ക്കാനായി സാങ്കേതിക പരിഹാരങ്ങൾ മാത്രം മതിയാവില്ല. പരിസ്ഥിതി നശീകരണത്തിന് കാരണമാവുന്ന സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങളുംകൂടെ അത് അഭിസംബോധന ചെയ്യണം.

## മനുഷ്യനിർമ്മിതമായ കാലാവസ്ഥ പ്രതിസന്ധിയെ കുറിച്ച് ഒരു മാർക്സിസ്റ്റ് വിമർശനം

ഇന്നത്തെ ഏറ്റവും വികസിതമായ പ്രത്യയശാസ്ത്രമായ മാർക്സിസം-ലെനിനിസത്തിലൂന്നിക്കൊണ്ടുള്ള ശാസ്ത്രീയ സമീപനത്തിൽ വീക്ഷിക്കുമ്പോൾ കാലാവസ്ഥാ പ്രതിസന്ധി എന്നത് കേവലം പരിസ്ഥിതി സംരക്ഷണത്തിന്റെയോ സാങ്കേതിക നവീകരണത്തിന്റെയോ വിഷയം മാത്രമല്ല, മറിച്ച് മുതലാളിത്തത്തിൽ അന്തർലീനമായിരിക്കുന്ന ലാഭാർത്തിയുടെ അനന്തരഫലമാണ്. ലാഭത്തിനുവേണ്ടിയും നിരന്തരമായി ലാഭം വർദ്ധിപ്പിക്കുവാൻ വേണ്ടിയും നിലകൊള്ളുന്ന മുതലാളിത്തം മനുഷ്യശക്തിയുടെയും പ്രകൃതി വിഭവങ്ങളുടെയും കൊടിയ ചൂഷണമാണ് നടത്തുന്നത്. പ്രകൃതിയെ വാണിജ്യവത്കരിക്കുന്ന ഈ പ്രക്രിയയുടെ ഉദാഹരണങ്ങളാണ് കാർബൺ വിപണിയും കാർബൺ ക്രഡിറ്റും. പ്രകൃതിയാകെ ഒരു കൂട്ടം ഇടപാടുകളായി ചുരുങ്ങുന്നു. എല്ലാത്തിനെയും അത് വിപണി മൂല്യത്തിൽ അളക്കുന്നു. അതേസമയം ചൂഷണത്തിന്റെ പാരിസ്ഥിതിക ചെലവുകൾ മറ്റുള്ളവരുടെ ചുമലിൽ വച്ചുകെട്ടുന്നു.

വ്യവസ്ഥാപിതമായി നിലനിൽക്കുന്ന അപരിഹാര്യമായ സാമ്പത്തിക പ്രതിസന്ധിയിൽ സാമ്രാജ്യത്വ-മുതലാളിത്ത ശക്തികൾ കുടുങ്ങിക്കിടക്കുകയാണ്. അവരുടെ അനിവാര്യമായ നാശത്തിന്റെ നാളുകൾ നീട്ടിക്കൊണ്ടു പോകാനാണ് തീവ്രമായി ശ്രമിക്കുന്നത്. ജനങ്ങളുടെയും മനുഷ്യ നാഗരികതയുടേയും നിലനിൽപ്പിന് ഗുരുതരമായ ഭീഷണി ഉയർത്തുന്ന പ്രവൃത്തികൾക്ക് ഇത് വഴിയൊരുക്കുകയാണ്. ഉദാഹരണത്തിന്, കാലാവസ്ഥ പ്രതിസന്ധിയിൽ ടൂറിസത്തിന്റെ പങ്ക് സിഒപി29ൽ ഒരു പ്രധാന പ്രശ്നമായി ഉയർത്തപ്പെടുകയുണ്ടായി.

ലാഭം വർദ്ധിപ്പിക്കാനുള്ള മുതലാളിത്തത്തിന്റെ ത്വരയാണ് മനുഷ്യന്റെയും പ്രകൃതിയുടെയും നാശത്തിലേക്ക് നയിക്കുന്നത് എന്നത് വ്യക്തമാവുകയാണ്. കാലാവസ്ഥാ പ്രതിസന്ധിയിൽ ചരിത്രത്തിലുടനീളം ഉദ്വമനത്തിന്റെ ഭൂരിഭാഗത്തിനും കാരണക്കാരായ സമ്പന്നരാജ്യങ്ങൾ ആഗോള വിഭവങ്ങളുടെ പുറത്ത് ആധിപത്യം പുലർത്തുന്നത് തുടരുകയാണ്. താരതമ്യേന അവികസിതമായ ദക്ഷിണാർദ്ധ ഗോളം ഈ ആഘാതം മുഴുവൻ ഏറ്റുവാങ്ങേണ്ടി വരുന്നു. ഈ വൈരുദ്ധ്യങ്ങൾ പരിഗണിക്കാതെ കാർബൺ വിപണിയുടെ വികാസത്തിനും മുതലാളിത്ത വളർച്ചയുടെ മാതൃകകൾക്കുംവേണ്ടിയാണ് സിഒപി29 നിലകൊള്ളുന്നത്.

## നിർണ്ണായകമായ കാലാവസ്ഥാ പ്രതിസന്ധിയുടെ കാര്യത്തിൽ കുറ്റകരമായ അവഗണന

ബാക്കുവിൽ നൽകിയ വാഗ്ദാനങ്ങൾ ആത്യന്തികമായി അർത്ഥവത്തായ പ്രവർത്തനങ്ങളായി രൂപാന്തരപ്പെടുമോ എന്നതാണ് സിഒപി29ന്റെ ഭാഗധേയം നിർണ്ണയിക്കുന്നത്. എന്നാലും ഉച്ചകോടിയിൽ അവതരിപ്പിക്കപ്പെട്ട വസ്തുതകളുടെ വെളിച്ചത്തിൽ പുരോഗതിയുടെ സാദ്ധ്യത വളരെ കുറവാണ്. വികസ്വരരാഷ്ട്രങ്ങൾക്ക് നൽകുന്ന സാമ്പത്തിക വാഗ്ദാനങ്ങൾ അപര്യാപ്തമാണ്. നിയന്ത്രിക്കാനാവാത്ത പ്രഹസനങ്ങളായി കാർബൺ വിപണികൾ തുടരുകയാണ്. സാങ്കേതിക പരിഹാരങ്ങളായി നിർദ്ദേശിക്കുന്നവ ഗുണമുണ്ടാക്കുന്നില്ലെന്ന മാത്രമല്ല; സാമൂഹിക അസമത്വങ്ങൾ പെരുകുകയാണ്.

അന്തിമ വിശകലനത്തിൽ കാലാവസ്ഥാ പ്രതിസന്ധി ഒരു വിദൂര ഭീഷണിയല്ല, സമൂലവും പരിവർത്തനാത്മകവുമായ മാറ്റം ആവശ്യപ്പെടുന്ന ഒരു വർത്തമാനകാല യാഥാർത്ഥ്യമാണ്. സിഒപി29 വച്ചുനീട്ടുന്ന തട്ടിപ്പ് നിറഞ്ഞ പ്രതീക്ഷകൾ ജനങ്ങൾക്കും ഭൂമിക്കുംമേൽ ലാഭത്തിനും മേൽക്കോയ്മക്കും മുൻഗണന നൽകിയ അന്താരാഷ്ട്ര കാലാവസ്ഥ ഉച്ചകോടികളുടെ നീണ്ട ചരിത്രത്തിലെ മറ്റൊരദ്ധ്യായം മാത്രമാണ്. പാരിസ്ഥിതികതകർച്ചഴിവാക്കാൻമുതലാളിത്തത്തിന്റെ അന്തർലീനമായ വൈരുദ്ധ്യങ്ങളെ നാം നേരിട്ടേ പറ്റൂ. അതുവരെ ശക്തരായ സാമ്രാജ്യത്വ-മുതലാളിത്ത ശക്തികൾ നമ്മെ ഈ തകർച്ചയിലേക്ക് നയിച്ചചൂഷണവ്യവസ്ഥയെ നിലനിർത്താനുള്ള ശ്രമങ്ങൾ തുടർന്നു കൊണ്ടേയിരിക്കും. ■

ഡൽഹി ഗ്യാസ് ചേംബർ

# ശുദ്ധവായു പോലും നിഷേധിക്കുന്ന ക്രൂരതയായി മുതലാളിത്തം പരിണമിക്കുന്നു

(9–ാം പേജിൽ നിന്ന്)

ണങ്ങൾ പിന്തുടരണം എന്നാണ് കോടതിയുടെ വിധി. അതായത് 10, 12 ക്ലാസുകൾ ഒഴികെയുള്ളവ ഓൺലൈനിൽ ആയിരിക്കണം. നിർമ്മാണ പ്രവർത്തനങ്ങളൊക്കെ നിർത്തിവയ്ക്കണം. അടിയന്തര സേവനങ്ങൾക്ക് അല്ലാതെ ചരക്ക് വാഹനങ്ങൾ ഒന്നും തലസ്ഥാനനഗരിയിലേക്ക് പ്രവേശിക്കരുത്. 50% സർക്കാർ ജീവനക്കാർ 'വർക്ക് ഫ്രംഹോം' ആയിരിക്കണം. എന്നാൽ മലിനീകരണം ജനങ്ങളെ ഭവനങ്ങളിൽ ഒതുങ്ങിക്കൂടാൻ നിർബന്ധിതരാക്കുകയും തൊഴിൽരഹിതരാക്കുകയും ചെയ്യും എന്നതൊരു വസ്തുതയാണ്. തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ, ചെറുകിട കച്ചവടക്കാർ, ഓഫീസ് ജീവനക്കാർ, അവശ്യമേഖലകളിൽ പണിയെടുക്കുന്നവർ, ട്രാഫിക് പോലീസ് തുടങ്ങിയവരെയാണ് ഇത് ഏറ്റവുമധികം ബാധിച്ചത്. എന്നാൽ ഈ കർമ്മ പദ്ധതികൾക്ക് സാഹചര്യം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ ? ഇല്ലെന്ന മാത്രമല്ല, സാഹചര്യം വഷളായി കൊണ്ടിരിക്കുകയുമാണ്. അസഹനീയമായ നിലയിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു. ജനങ്ങളിൽ അസംതൃപ്തി പടരുകയാണ്.

## പഴിചാരൽ വ്യായാമം

ആരാണ് ഈ സ്ഥിതിക്ക് ഉത്തരവാദി എന്ന കാര്യത്തിൽ ബിജെപിയും പ്രതിപക്ഷത്തുള്ള എഎപിയും കോൺഗ്രസും പരസ്പരം പഴിചാരുകയാണ്. കേന്ദ്രം ബിജെപി ഭരിക്കുന്നു. ഡൽഹിയാണ് അവരുടെ തലസ്ഥാനം. ക്രമസമാധാന ചുമതല സംസ്ഥാന സർക്കാരിന് കൊടുക്കാൻ അവർ തയ്യാറല്ല. മൂന്നുതവണ തുടർച്ചയായി ഡൽഹി ഭരിക്കുന്നത് ആം ആദ്മി പാർട്ടിയാണ്. ഗതാഗതം, വ്യവസായം, പരിസ്ഥിതി-മലിനീകരണ നിയന്ത്രണ വകുപ്പുകൾ ഒക്കെ അവരുടെ കൈയിലാണ്. ഇവർ പരസ്പരം കുറ്റാരോപണം നടത്തുന്നു. ബിജെപി നിയമിച്ച ഡൽഹി ലെഫ്റ്റനന്റ് ജനറൽ വി.കെ.സക്സേന പറയുന്നത് ഈ സ്ഥിതിക്ക് കാരണം എഎപി സർക്കാരിന്റെ തികഞ്ഞ അനാസ്ഥ ആണെന്നത്രേ. ബിജെപി നേതാവ് ഷഹസാദ് പൂനെവാല പറയുന്നു: "ഡൽഹി ഒരു ഗ്യാസ് ചേമ്പർ ആയിരിക്കുന്നു. പഞ്ചാബിൽ കർഷകർ വിളവെടുപ്പ് കഴിഞ്ഞ് ചെടികളുടെ കച്ചി കത്തിക്കുന്നതാണ് പ്രശ്ന കാരണം എന്നാണ് എഎപി പറയുന്നത്. പഞ്ചാബിൽ ഇത്തരം 6000 സംഭവങ്ങളുണ്ട്. എന്നാൽ അവർ മൗനം പാലിക്കുന്നു. ദീപാവലിക്ക് പടക്കം പൊട്ടിക്കുന്നതിന് ഹരിയാനയെയും യുപിയെയുമൊക്കെയാണ് അവർ കുറ്റപ്പെടുത്തുന്നത്. എന്നാൽ ആഭ്യന്തര കാരണങ്ങളെക്കുറിച്ച് അവർ മിണ്ടുന്നില്ല. ഡൽഹിയിലെ വായു മലിനീകരണത്തിന്റെ കാര്യമായാലും യമുനാ നദിയിലെ മാലിന്യത്തിന്റെ കാര്യമായാലും എഎപി ആണ് ഉത്തരവാദികൾ." എന്നാൽ എഎപി മുഖ്യമന്ത്രി അഷിതി മർലേന കേന്ദ്രഗവൺമെന്റിനെയാണ് കുറ്റപ്പെടുത്തുന്നത്. "കേന്ദ്രത്തിന്റെ നിഷ്ക്രിയത്വംമൂലം ജനങ്ങൾക്ക് ശ്വാസം മുട്ടുകയാണ്. ഉത്തരേന്ത്യയിലെ നഗരങ്ങളും മലിനീകരണം നേരിടുന്നു. എന്നാൽ കേന്ദ്രം എന്തു ചെയ്യുന്നു. എഎപി ഭരിക്കുന്ന പഞ്ചാബ് മാത്രമാണ് കറ്റികത്തിക്കുന്നത് കുറച്ചിട്ടുള്ളത്. മറ്റുള്ളവർക്കെതിരെ കേന്ദ്രം എന്തുകൊണ്ട് നടപടി എടുക്കുന്നില്ല?"

## എന്തുകൊണ്ട് മലിനീകരണം

എന്തുകൊണ്ട് മലിനീകരണം ഉണ്ടാകുന്നു എന്നതാണ് അടിസ്ഥാന കാര്യം. പഞ്ചാബിലും ഹരിയാനയിലും കച്ചിക്കുറ്റി കത്തിക്കുന്നത് ഒന്നാമത്തെ കാരണമായി കണക്കാക്കുന്നു. എന്നാൽ ഡൽഹി കേന്ദ്രമാക്കിയുള്ള സെന്റർ ഫോർ സയൻസ് ആൻഡ് എൻവയോൺമെന്റ് പഠനം പറയുന്നത് ഇത് മലിനീകരണത്തിന്റെ എട്ട് ശതമാനത്തിനു മാത്രമേ കാരണം ആകുന്നുള്ളു എന്നാണ്. ഡിസംബർ മാസത്തിൽ കച്ചി കത്തിക്കുന്നില്ല. എന്നിട്ടും അന്തരീക്ഷ മലിനീകരണമുണ്ട്. വാഹനങ്ങളുടെ പുകയുടെ കാര്യവും ഇങ്ങനെതന്നെയാണ്. കാരണം ഡീസൽ ഉപയോഗിക്കുന്ന വാഹനങ്ങൾ നിരത്തിലില്ല. മാലിന്യത്തിൽ നിന്ന് ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനായി കോൺഗ്രസ് ഭരണകാലത്ത് തുടങ്ങിയ പ്ലാന്റുകൾ മലിനീകരണം നടത്തുന്നുണ്ട്. പടക്കം പൊട്ടിക്കുമ്പോൾ വിഷപ്പുക ഉണ്ടാകുന്നുണ്ട്. ഉത്സവകാലത്തുവരുന്ന ആഘോഷങ്ങളിലെല്ലാം പടക്കം പൊട്ടിക്കലുണ്ട്. സമ്പന്നരുടെ വിവാഹങ്ങളിലും ഇതൊരു ആചാരമായിട്ടുണ്ട്. എന്തൊക്കെ നിയന്ത്രണങ്ങളും വിലക്കുകളും ഉണ്ടെങ്കിലും ഇത് നിർബാധം തുടരുന്നു. ഇത് മലിനീകരണത്തിന്റെ നിർണായകമായ ഒരു പങ്കുവഹിക്കുന്നു.







എന്നാൽ ഭരണകക്ഷികളൊക്കെ യഥാർത്ഥ കാരണം മൂടിവയ്ക്കുന്നു. ഡൽഹിയിലും ചുറ്റിലുമുള്ള ഫാക്ടറികളിൽ നിന്ന് പുറന്തള്ളുന്ന വിഷപ്പുകയാണ് പ്രധാനകാരണം. കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളായി ഇത്തരം ഫാക്ടറികളുടെ എണ്ണം വളരെ വർധിച്ചിട്ടുണ്ട്. മുന്ദ്ക വ്യവസായ മേഖല, നൻഗ്ലോയ്, ദ്വാരക തുടങ്ങിയ സ്ഥലങ്ങളിലൊക്കെ പുതുതായി ധാരാളം ഫാക്ടറികൾ വരികയും അത് സ്ഥിതി കൂടുതൽ വഷളാക്കുകയും ചെയ്തിട്ടുണ്ട്. ഫരീദാബാദ് വ്യവസായ മേഖലയും ഡൽഹിക്കടുത്താണ്. മലിനീകരണ നിയന്ത്രണ കാര്യത്തിൽ യാതൊരു വ്യവസ്ഥയുമില്ലാതെ വ്യവസായങ്ങൾ ആരംഭിക്കാൻ അനുമതി നൽകുന്നു. അവർ മലിനീകരണ നിയന്ത്രണ വ്യവസ്ഥകൾ കാറ്റിൽപറത്തി വിലസുന്നു. ഭരണകക്ഷികൾ കാഴ്ചക്കാരായി നിൽക്കുന്നു. പുതിയ വ്യവസായങ്ങൾ ആരംഭിക്കാനായി പരിസ്ഥിതി സംരക്ഷണ നിയമങ്ങൾപോലും ഭേദഗതി ചെയ്യുന്നു. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിക്കുന്ന തിനുള്ള ചിലവ് ഒഴിവാക്കി മുതലാളിമാർ ലാഭം പെരുപ്പിക്കുന്നു.

രണ്ടാമത്തെത് ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാണ്. നദീതീരങ്ങളിൽ വായുസഞ്ചാരം കുറവായിരിക്കും. ചൂടുള്ള വായുവിന്റെ മുകളിൽ ഒരു പുതപ്പുപോലെ ഈർപ്പമുള്ള വായു തങ്ങിനിൽക്കുന്നു. അതുകൊണ്ട് ഇർപ്പം കുറഞ്ഞ വായുവിന്റെ മലിനീകരണം വർദ്ധിക്കുന്നു. മൂന്നാമത്തേത് താപനിലയങ്ങളുടെ സാന്നിധ്യമാണ്. നാലാമത്തേത്, ഗാസിപ്പൂർ മേഖലയിൽനിന്ന് മൂന്നു മില്യൻ മാലിന്യവും മേഖലയിൽ നിന്ന് രണ്ടു മില്യൻ മാലിന്യവും നീക്കം ചെയ്യാൻ ഉതകുന്ന ബയോ മൈനിംഗ് പ്രോജക്ടിന് അനുമതി നൽകാത്തതാണ്. അഞ്ചാമതായി അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ പല വാഹനങ്ങളും ഇപ്പോഴും നിയന്ത്രണം ലംഘിച്ച് സഞ്ചരിക്കുന്നു. കോവിഡ് 19ന്റെ ലോക്ക് ഡൗൺ കാലത്ത് ഡൽഹിയിൽ വായുമലിനീകരണം ഒട്ടും ഉണ്ടായിരുന്നില്ല. ഇത് വ്യക്തമാക്കുന്നത് ഫാക്ടറികളിൽ നിന്നുള്ള മലിനീകരണം, മാലിന്യനിർമാർജനം, വാഹനഗതാഗതം തുടങ്ങിയ ആഭ്യന്തര കാരണങ്ങളാണ് മലിനീകരണത്തിനിടയാക്കുന്നത് എന്നത്രേ. ഈ ഘടകങ്ങളെല്ലാം ചേർന്നാണ് ഡൽഹിയെ ഒരു ഗ്യാസ് ചേംബർ ആക്കുന്നത്, ഇതിന്റെകെടുതികൾ അനുഭവിക്കുന്നതാകട്ടെ സാധാരണ ജനങ്ങളും.

വ്യവസായശാലകളിലും നിർമ്മാണ രംഗത്തുമൊക്കെയായി ധാരാളം ഇതര സംസ്ഥാന തൊഴിലാളികൾ, ഡൽഹിയിൽ പണിയെടുക്കുന്നുണ്ട്. ധാരാളം ചെറുകിട കച്ചവടക്കാരും വഴിവാണിഭക്കാരുമൊക്കെയുണ്ട്. ഇവരൊക്കെ ഈ വായു മലിനീകരണം മൂലം രോഗികളായിക്കൊണ്ടിരിക്കുകയാണ്. "ഈ നരകത്തിൽ ജീവിക്കുന്നതും പണിയെടുക്കുന്നതും ഇവിടത്തെ വിഷപ്പുകശ്വസിക്കുന്നതുപോലെ കഠിനമായി തീർന്നിരിക്കുന്നു" എന്നാണ് ദരിദ്രനായ ഒരു തൊഴിലാളി പറഞ്ഞത്. നാട്ടിലേക്ക് മടങ്ങിച്ചെന്നാൽ തൊഴിലില്ല എന്നതിനാൽ ഇവർക്ക് ഡൽഹി വിട്ടു പോകാനുമാകുന്നില്ല. മാത്രമല്ല, പണിയില്ലാതായാൽ കുടുംബവും പട്ടിണി കിടന്ന് മരിക്കുകയെ നിവൃത്തിയുള്ളൂ. നാലുമണിക്കൂർ മുന്നറിയിപ്പിൽ നഗരം അടച്ചിട്ടപ്പോൾ ഇവരുടെ ദുരിതം നമ്മൾ കണ്ടതാണ്. അന്ന് അനേകായിരങ്ങൾ വിശന്നു വലഞ്ഞു പൊരിവെയിലത്ത് ചെരിപ്പുപോലുമില്ലാതെ പലായനം ചെയ്യുന്നത്, കൊടുംകാട്ടിലൂടെയും മറ്റും ജീവൻ തൃണവൽഗ്ഗണിച്ച്, രോഗങ്ങളെ പോലും അവഗണിച്ച് നടന്നത് രാജ്യം കണ്ടുനിന്നു. എന്നാൽ ഇതിലും എത്രയോ ഇരട്ടി പേരാണ് നാട്ടിലേക്ക് പോകാതെ നഗരങ്ങളിൽ ആട്ടിൻപറ്റങ്ങളെ പോലെ കൊടിയ യാതനകളുമായി കഴിഞ്ഞു കൂടിയത്. മുതലാളിത്ത ഇന്ത്യയിൽ ദരിദ്രന്റെ സ്ഥിതി, ഡൽഹിയിൽ മാത്രമല്ല ഏതു നഗരത്തിലും ഇതൊക്കെ തന്നെയാണ്. ഇന്ത്യയിൽ ഒരു വർഷം 2.18 ദശലക്ഷം പേർ വായു മലിനീകരണം മൂലം മരിക്കുന്നുണ്ട് എന്നാണ് കണക്ക്. ഇന്ത്യയുടെ ജനസംഖ്യയിൽ 40 ശതമാനം അതായത് 51 കോടിയാളുകൾ ഉത്തരേന്ത്യയിൽ വസിക്കുന്നു. ഇവർക്ക് ശരാശരി 76 വർഷത്തെ ആയുസ്സ് ആകുന്നുണ്ട്. മറ്റുള്ളവർ സൃഷ്ടിക്കുന്ന മലിനീകരണത്തിന്റെ കെടുതികൾ അധികവും താങ്ങേണ്ടിവരുന്നത് ദരിദ്രർക്കാണെന്നും 2021ൽ യേൽ സ്കൂൾ ഓഫ് ദി എൻവേൺമെന്റിലെ അസോസിയേറ്റ് പ്രൊഫസറായ നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള പഠനം വ്യക്തമാക്കുന്നു.

## പ്രശ്നം അപരിഹാര്യമല്ല

വ്യവസായശാലകളിൽ മലിനീകരണ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തണമെന്ന നിയമം കർശനമായി നടപ്പിലാക്കണം. താപവൈദ്യുത നിലയങ്ങൾ കഴിവതും വേഗം അടച്ചുപൂട്ടി, വൈദ്യുതി ഉൽപാദനത്തിന് പാരമ്പര്യേതര സ്രോതസ്സുകൾ ഉപയോഗപ്പെടുത്തണം. മാലിന്യനിർമാർജനത്തിലും കച്ചിക്കുറ്റി കത്തിക്കുന്ന കാര്യത്തിലും ശാസ്ത്രീയമായ മാർഗങ്ങൾ അവലംബിക്കണം. ഇങ്ങനെയൊക്കെ ചെയ്താൽ, ഈ മരണ കിണറിൽനിന്ന് കരകയറാവുന്നതേയുള്ളൂ. എന്നാൽ തലസ്ഥാനനഗരിയിലെ ഈ മാരകമായ മലിനീകരണത്തിന്റെ കാര്യത്തിൽ നരേന്ദ്രമോദി നയിക്കുന്ന ബിജെപി ഗവൺമെന്റിന് യാതൊരു പരിഗണനയുമില്ല. പുതിയ പാർലമെന്റ് മന്ദിരം പ്രദർശിപ്പിക്കുന്നതിലും വന്ദേ ഭാരത് ട്രെയിനുകൾ ഓടിക്കുന്നതിലും മെട്രോ റെയിൽ യാത്ര സാധാരണക്കാരന് താങ്ങാൻ കഴിയാത്തതാകും വിധം ചാർജ് കൂട്ടുന്നതിലും ഫ്ലൈ ഓവറുകൾ പണിയുന്നതിലും റോഡ് നിർമ്മാണത്തിൽ അത്യാധുനിക മാർഗ്ഗങ്ങൾ അവലംബിക്കുമെന്ന് വീമ്പിളക്കുന്നതിലുമൊക്കെയാണ് മോദിക്ക് കൂടുതൽ താല്പര്യം.

വെള്ളം തളിക്കുക, നഗരത്തിലേക്കുള്ള വാഹനങ്ങളുടെ പ്രവേശനത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക എന്നീ താൽക്കാലിക നടപടികളാണ് ഗവൺമെന്റ് കൈക്കൊള്ളുന്നത്. ഗുരുതരമായ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കുന്ന നടപടികളൊന്നും കൈക്കൊള്ളുന്നില്ല. പ്രധാനമന്ത്രിയെ വിശ്വഗുരു എന്ന വാഴ്ത്തുകയാണിപ്പോൾ. എന്നാൽ തലസ്ഥാന നഗരി ലോകത്തെ ഏറ്റവും മലിനമായ നഗരമായി രേഖപ്പെടുത്തപ്പെട്ടതിൽ ഈ വാഴ്ത്തുപാട്ടുകാർക്ക് ലജ്ജയേതുമില്ല. 1952 ഡിസംബർ 5 മുതൽ 9 വരെ ലണ്ടൻ നഗരത്തിൽ സംഭവിച്ച ഭീകരമായ ദുരന്തം നമുക്ക് മറക്കാനാവില്ല. വ്യവസായശാലകളിൽ നിന്നുള്ള മാലിന്യങ്ങളും കാലാവസ്ഥ ഘടകങ്ങളും ചേർന്ന് സൃഷ്ടിച്ച ആപുകമഞ്ഞ് ദുരന്തത്തിൽ, 10000 മുതൽ 12000 പേർ വരെയാണ് മരിച്ചത്. ഇന്ത്യയിലും ഇത്തരം ഒരു ദുരന്തത്തിലേക്ക് ജനങ്ങളെ നയിക്കാനാണോ നമ്മുടെ ഗവൺമെന്റ് ശ്രമിക്കുന്നത്? മുതലാളിമാരുടെ ലാഭം പെരുക്കുന്നതിനാണോ കോടിക്കണക്കിനു മനുഷ്യരുടെ ജീവനാണോ, ഏതിനാണ് കൂടുതൽ പ്രാധാന്യം കൽപ്പിക്കേണ്ടത്? ■

# നിർദ്ദിഷ്ട ആണവ നിലയത്തിനെതിരെ കാസർഗോഡ് ചീമേനിയിൽ ജനകീയ കൺവൻഷൻ




നിർദ്ദിഷ്ട ആണവനിലയത്തിനെതിരെ ചീമേനി വ്യാപാരഭവനിൽ നടന്ന ജനകീയ കൺവൻഷൻ കൂടംകുളം ആണവനിലയവിരുദ്ധ സമരനേതാവ് എസ്.പി.ഉദയകുമാർ ഉദ്ഘാടനം ചെയ്യുന്നു.

നിർദ്ദിഷ്ട ആണവ നിലയത്തിനെതിരെ ചീമേനി വ്യാപാര ഭവനിൽ ജനകീയ കൺവൻഷൻ സംഘടിപ്പിച്ചു. കൂടംകുളം ആണവ നിലയ വിരുദ്ധസമരത്തിന് നേതൃത്വം നൽകിയ ഡോ.എസ്.പി. ഉദയകുമാർ കൺവൻഷൻ ഉദ്ഘാടനംചെയ്തു. ആണവ നിലയങ്ങൾ മാലിന്യ മുക്തമാണെന്ന വാദം കളവാണെന്നും അപകടകരവും കൈകാര്യംചെയ്യാൻ വിഷമതയുമുള്ള മാലിന്യങ്ങളുടെ ഉറവിടമാണ് ആണവ നിലയങ്ങളെന്നും അദ്ദേഹം പറഞ്ഞു. പ്രവർത്തിക്കാത്ത അവസരങ്ങളിൽ പോലും നിലയത്തെ നിലനിർത്താൻ ധാരാളം ഊർജ്ജം ആവശ്യമായി വരും.

ആണവ നിലയം സംബന്ധിച്ച സമ്പൂർണ വിവരങ്ങൾ, നിലയം ബാധിക്കുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്ക് അവരുടെ മാതൃഭാഷയിൽ ലഭ്യമാക്കി ചർച്ചക്ക് വിധേയമാക്കണം. ചെലവ് കുറഞ്ഞതും പരിസ്ഥിതിക്കും സമൂഹത്തിനും കുറഞ്ഞ ആഘാതം സൃഷ്ടിക്കുന്ന മറ്റു മാർഗങ്ങൾ തേടുകയും വേണം. അദ്ദേഹം കൂട്ടിച്ചേർത്തു.

ഡോ.ഡി.സുരേന്ദ്രനാഥ് അദ്ധ്യക്ഷത വഹിച്ചു. കെ.രാമചന്ദ്രൻ, എൻ.സുബ്രഹ്മണ്യൻ, എം.കെ. ഷഹസാദ് (എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്), അഡ്വ.ടി.വി.രാജേന്ദ്രൻ (കാസർകോട് പരിസ്ഥിതി സമിതി), എ.ജയരാമൻ (കോൺഗ്രസ്), വി.കെ.രവീന്ദ്രൻ (സിഎംപി), വിനോദ് രാമന്തളി, കെ.രാജൻ (സിപിഐ), ടി.വി.ഉമേശൻ, സുഭാഷ് ചീമേനി എന്നിവർ പ്രസംഗിച്ചു. ഡോ.ഡി.സുരേന്ദ്രനാഥ് ചെയർമാനും എൻ.സുബ്രഹ്മണ്യൻ കൺവീനറുമായി ആണവ നിലയ വിരുദ്ധ ജനകീയ സമിതിയും കൺവൻഷൻ തിരഞ്ഞെടുത്തു. ■




വന്യമൃഗ ആക്രമണ ഭീഷണി പരിഹരിക്കുക, വന്യമൃഗ ആക്രമണത്തിലൂടെയുണ്ടായ കൃഷിനാശത്തിന് കൃത്യമായ നഷ്ടപരിഹാരം നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കാറഡുക്ക ഫോറസ്റ്റ് ഓഫീസിലേക്ക് നടന്ന മാർച്ച്. ഡോ.ഡി.സുരേന്ദ്രനാഥ് മാർച്ച് ഉദ്ഘാടനംചെയ്തു.




അഞ്ചൽ വ്യാപാരഭവനിൽ നടന്ന കുമാരനാശാൻ ചരമശതാബ്ദി ആചരണസമ്മേളനം കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്യുന്നു.





വൈദ്യുതി ചാർജ്ജ് വർദ്ധനവ് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചങ്ങനാശ്ശേരി, തെങ്ങണയിൽ നടന്ന പ്രതിഷേധപരിപാടിയിൽ കെ.എൻ.രാജൻ പ്രസംഗിക്കുന്നു.

# എഐയുറ്റിയുസിയുടെ 22-ാമത് അഖിലേന്ത്യാ സമ്മേളനം

*(1-ാം പേജിൽ നിന്ന്)*

ളുസമൂഹവും നേരിടുന്ന നിരവധിയായ പ്രശ്നങ്ങൾ ചർച്ച ചെയ്തു. നവലിബറൽ കാലഘട്ടത്തിൽ മൂലധനശക്തികൾ തൊഴിൽ-ജനാധിപത്യ അവകാശങ്ങൾക്കുമേൽ നടത്തുന്ന കടന്നാക്രമണങ്ങളെ ചെറുക്കാൻ തൊഴിലാളികളുടെ യോജിച്ച മുന്നേറ്റം വളർത്തിയെടുക്കാൻ സമ്മേളനം ആഹ്വാനം ചെയ്തു.

നവംബർ 15ന് രാവിലെ അഖിലേന്ത്യാ സമ്മേളന പ്രതിനിധികൾക്കൊപ്പം ഒഡിഷ സംസ്ഥാനത്തുനിന്നുള്ള പതിനായിരക്കണക്കിന് തൊഴിലാളികളും അണിനിരന്ന പ്രകടനം, ഒഡിഷ നിയമസഭാമന്ദിരത്തിന് സമീപം ലോവർ പിഎംജി സ്ക്വയറിൽ സമ്മേളിച്ചു. തുടർന്നുനടന്ന പൊതുസമ്മേളനത്തിൽ എഐയുറ്റിയുസി അഖിലേന്ത്യ പ്രസിഡന്റ് കെ.രാധാകൃഷ്ണ അധ്യക്ഷത വഹിച്ചു. ഡബ്ല്യൂഎഫ്ടിയു പ്രസിഡന്റ് മൈക്കിൾ മക്കബെ, എഐയുറ്റിയുസി അഖിലേന്ത്യ വൈസ് പ്രസിഡന്റുമാരായ കെ.സത്യവാൻ, സ്വപൻ ഘോഷ്, അരുൺകുമാർ സിംഗ്, അഖിലേന്ത്യ ജനറൽ സെക്രട്ടറി ശങ്കർ ദാസ് ഗുപ്ത, ഒഡിഷ സംസ്ഥാന സെക്രട്ടറി ജയ്സൺമെഹർ, പലസ്തീൻ, നേപ്പാൾ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിൽ നിന്നുമുള്ള തൊഴിലാളി സംഘടന പ്രതിനിധികൾ എന്നിവർ പ്രസംഗിച്ചു.



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) അഖിലേന്ത്യ ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് എഐയുറ്റിയുസി പ്രതിനിധി സമ്മേളനത്തെ അഭിസംബോധന ചെയ്യുന്നു.

വൈകിട്ട് 6ന് ഭുവനേശ്വർ റോയൽ റിസോർട്ടിൽ നടന്ന ഉദ്ഘാടനസമ്മേളനത്തിൽ വിവിധ വിദേശ രാജ്യങ്ങളിലെ തൊഴിലാളി സംഘടനകളുടെ ആശംസ സന്ദേശങ്ങൾ ജനറൽ സെക്രട്ടറി അവതരിപ്പിച്ചു. എഐടിയുസി, സിഐടിയു, എഐസിസിടിയു, ടിയുസിസി തുടങ്ങിയ കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളുടെ നേതാക്കൾ അഭിവാദ്യങ്ങൾ അർപ്പിച്ച് സംസാരിച്ചു. അന്തർദേശീയ രംഗത്ത് തൊഴിലാളി പ്രസ്ഥാനങ്ങൾ നേരിടുന്ന വെല്ലുവിളികളെയും പലസ്തീനിലുൾപ്പെടെ യുദ്ധം സൃഷ്ടിക്കുന്ന വിപത്തുകളെയും അധികരിച്ച് ഡബ്ല്യൂഎഫ്ടിയു പ്രസിഡന്റ് മൈക്കിൾ മക്കബെ നടത്തിയ വൈകാരികമായ പ്രസംഗം ഏറെ ആവേശത്തോടെയാണ് സദസ്സ് ശ്രവിച്ചത്.

ഡിസംബർ 15ന് രാവിലെ അഖിലേന്ത്യാ പ്രസിഡന്റ് കെ.രാധാകൃഷ്ണ പതാക ഉയർത്തിയതോടെ പ്രതിനിധി സമ്മേളനത്തിന് തുടക്കമായി. കെ.സത്യവാൻ ചെയർമാനും സ്വപൻ ഘോഷ്, ശംഭുനാഥ് നായ്ക്, ആർ.കുമാർ എന്നിവർ അംഗങ്ങളുമായ പ്രസീഡിയമാണ് സമ്മേളന നടപടികൾ നിയന്ത്രിച്ചത്. തുടർന്നവതരിപ്പിച്ച രാഷ്ട്രീയ, സംഘടനാ പ്രമേയങ്ങളിന്മേലും വ്യത്യസ്ത തൊഴിൽ മേഖലകളെ സംബന്ധിച്ച പ്രമേയങ്ങളിന്മേലും നടന്ന ചർച്ചകളിൽ പ്രതിനിധികൾ സജീവമായി പങ്കെടുത്തു. സഖാവ് കെ.രാധാകൃഷ്ണ പ്രസിഡന്റും ശങ്കർ ദാസ്ഗുപ്ത ജനറൽ സെക്രട്ടറിയുമായി ശക്തമായ ഒരു അഖിലേന്ത്യ കമ്മിറ്റിയെ സമ്മേളനം തിരഞ്ഞെടുത്തു.

വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള തൊഴിലാളി പ്രതിനിധികൾ അവതരിപ്പിച്ച കലാ സാംസ്കാരിക പരിപാടികൾ സമ്മേളന അന്തരീക്ഷത്തെ ഏറെ സജീവമാക്കി. ഡിസംബർ 16ന് ഉച്ചക്കുശേഷം നടന്ന സമാപന സെഷനിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി പ്രൊവാഷ് ഘോഷ് മുഖ്യാതിഥിയായി പങ്കെടുത്തു. ഒരു വിപ്ലവ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ സംഘാടകരെന്ന നിലയിൽ രാജ്യത്തെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ ബാധിച്ചിരിക്കുന്ന സാമ്പത്തിക വാദത്തിനും മറ്റു തെറ്റായ പ്രവണതകൾക്കുമെതിരായി വ്യക്തി ജീവിതത്തിൽ നടത്തേണ്ട സമരത്തിന്റെ പ്രാധാന്യം എത്ര വലുതാണെന്ന് സഖാവ് പ്രൊവാഷ് ഘോഷ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ആഴത്തിൽ വിശദമാക്കി. സാർവ്വദേശീയ ഗാനാലാപനത്തോടെയാണ് സമ്മേളന നടപടികൾ അവസാനിച്ചത്. ഒഡിഷയിലെ ബിജെപി സർക്കാരിന്റെ വളരെയധികം ശത്രുതാപരമായ നിലപാടുകൾക്കിടയിലും സാധാരണ ജനങ്ങളും തൊഴിലാളികളും നൽകിയ ഊഷ്മളമായ പിന്തുണയും സഹകരണവുമാണ് ഭുവനേശ്വർ സമ്മേളനം അവിസ്മരണീയമാക്കിയത്. ■




ഡബ്ല്യൂഎഫ്റ്റിയു പ്രസിഡന്റ് മൈക്കിൾ മക്കബെ പ്രസംഗിക്കുന്നു.




എഐയുറ്റിയുസി അഖിലേന്ത്യ സമ്മേളനത്തിന്റെ ഭാഗമായി നടന്ന പ്രകടനത്തിന്റെ മുൻനിര.

REGISTERED.
R.N. 24773/1992

UNITY Malayalam Monthly

2025 January
Price: Rs. 10.00

# കീച്ചേരി ആശുപത്രി സംരക്ഷണ മഹാസംഗമം




കീച്ചേരി ആശുപത്രി സംരക്ഷണ മഹാസംഗമം മുൻഎംപി ഡോ.കെ. എസ്.മനോജ് ഉദ്ഘാടനം ചെയ്യുന്നു.

എറണാകുളം ജില്ലയിലെ ആമ്പല്ലൂർ പഞ്ചായത്തിലെ കീച്ചേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തിചികിത്സ പുനഃസ്ഥാപിക്കുക, 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാക്കുക, അടിയന്തരമായി സായാഹ്ന ഒ.പി. ആരംഭിക്കുക, ജീവൻരക്ഷാ ഔഷധങ്ങൾ ആശുപത്രിയിൽ ലഭ്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കഴിഞ്ഞ 7 മാസക്കാലമായി ജനങ്ങൾ കക്ഷിരാഷ്ട്രീയ, ജാതി – മത ഭേദമെന്യേ സമര സമിതി രൂപീകരിച്ച് പ്രക്ഷോഭണത്തിലാണ്. ജനങ്ങളുടെ പ്രക്ഷോഭണത്തെ തുടർന്ന്, ആശുപത്രിയുടെ റദ്ദാക്കിയ മദർ സിഎച്ച് പദവി പുനഃസ്ഥാപിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കി. എന്നാൽ, കിടത്തിചികിത്സ ഉൾപ്പെടെയുള്ള മറ്റ് ആവശ്യങ്ങൾ ഒന്നുംതന്നെ ഇനിയും അംഗീകരിച്ചിട്ടില്ല. 40 വർഷങ്ങൾക്കുമുമ്പ് പ്രസവവാർഡ് പ്രവർത്തിച്ചിരുന്ന, 24 മണിക്കൂർ ഡോക്ടറുടെ സേവനം ലഭ്യമായിരുന്നു. രണ്ടരഏക്കർ ഭൂമി, എണ്ണായിരം ചതുരശ്രഅടി കെട്ടിടസമുച്ചയം, ആധുനിക ലാബ്, മഴവെള്ളസംഭരണി, മാലിന്യ നിർമ്മാർജനപ്ലാന്റ് എന്നിങ്ങനെ ഒരു താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേക്കുയർത്താൻ കഴിയുന്ന അടിസ്ഥാന സംവിധാനങ്ങളുണ്ടിവിടെ. കോടിക്കണക്കിന് രൂപയുടെ വസ്തുവകകൾ നശിച്ചുപോകുകയാണ്.

ആരോഗ്യ വകുപ്പ് മന്ത്രി, എംഎൽഎ, ഡിഎംഒ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവർക്ക് നിവേദനം സമർപ്പിക്കൽ, സമര പ്രഖ്യാപന സമ്മേളനം, ഡിഎംഒ ഓഫീസ് മാർച്ച്, സ്വാതന്ത്ര്യ ദിനത്തിൽ ജാഗ്രത സദസ്സ് തുടങ്ങി നൂറ് കണക്കിന് ജനങ്ങൾ പങ്കെടുത്ത പരിപാടികൾക്ക് ശേഷമാണ് മഹാസംഗമം സംഘടിപ്പിച്ചത്. ഈ സമരത്തോട് മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മുഖം തിരിച്ചു നിൽക്കുകയാണെങ്കിലും സംഗമത്തിൽ നാടിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നായി ആയിരങ്ങൾ ഒഴുകിയെത്തി. മുൻ എംപി ഡോ.കെ. എസ്.മനോജ് മഹാസംഗമം ഉദ്ഘാടനം ചെയ്തു. ഡോ.എം.പി.മത്തായി മുഖ്യപ്രഭാഷണം നടത്തി. ആശുപത്രി സംരക്ഷണ സമിതി ചെയർമാൻ പി.ജെ.ജോർജ് അദ്ധ്യക്ഷത വഹിച്ചു. കൺവീനർ കെ.ഒ.സുധീർ സ്വാഗതം ആശംസിച്ചു. ■






മഹാസംഗമത്തിന്റെ സദസ്സ് ഒരു ദൃശ്യം.

## HOPE 25 (Blending art with hope)

# മേപ്പാടിയിൽ കുട്ടികളുടെ ദ്വിദിന ക്യാമ്പ്

വയനാട്, ഉരുൾപൊട്ടൽ ദുരന്തത്തെ അതിജീവിച്ച ചൂരൽമല-മുണ്ടക്കൈ മേഖലയിലെ കുട്ടികൾക്കുവേണ്ടി രണ്ടുദിവസത്തെ ക്യാമ്പ് ഡിസംബർ 22,23 തീയതികളിൽ മേപ്പാടി സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ നടന്നു. മെഡിക്കൽ സർവീസ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ക്യാമ്പിൽ 181 കുട്ടികൾ പങ്കെടുത്തു.

മാഡം ക്യൂറി മെഡിക്കൽ ആന്റ് എജ്യൂക്കേഷണൽ ട്രസ്റ്റ് പ്രസിഡണ്ടും മെഡിക്കൽ സർവ്വീസ് സെന്റർ സെൻട്രൽ കമ്മിറ്റിയംഗവുമായ ഡോ.കെ.പി. ഗോദകുമാർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ജൂലൈ 30ന് വയനാട് മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങ ളിലുണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് മെഡിക്കൽ സർവീസ് സെന്റർ നാൽപ്പത്തിരണ്ടു ദിവസം നീണ്ടുനിന്ന സൗജന്യ മെഡിക്കൽ ക്യാമ്പ് മേപ്പാടി കേന്ദ്രീകരിച്ച് നടത്തിയിരുന്നു. ഉറ്റവരും സുഹൃത്തുക്കളും ഉപജീവനമാർഗ്ഗങ്ങളും നഷ്ടപ്പെട്ട് ജീവിതംതന്നെ അനിശ്ചിതത്വത്തിലായ ജനങ്ങളെ ദുരന്തം സൃഷ്ടിച്ച മാനസികാഘാതത്തിൽനിന്ന് മുക്തരാക്കുവാൻ സൈക്കോളജി, സൈക്യാട്രി വിഭാഗം ആ മേഖലയിൽ പ്രവർത്തനം തുടരുകയാണ്. ഈ പ്രവർത്തനങ്ങളുടെ തുടർച്ചയായും, ദുരന്തത്തിന്റെ ആഘാതത്തിൽനിന്നും ഇനിയും കരകയറിയിട്ടില്ലാത്ത കുട്ടികളുടെ മാനസികസ്വസ്ഥത വീണ്ടെടുക്കുന്നതിന്റെയും ആത്മവിശ്വാസത്തോടെയും പ്രതീക്ഷയോടെയും ജീവിതത്തെ നോക്കിക്കാണാൻ അവരെ പ്രാപ്തരാക്കുന്നതിന്റെയും ഭാഗമായാണ് ദുരന്തബാധിത മേഖലയിലെ കുട്ടികൾക്കുവേണ്ടി രണ്ടുദിവസത്തെ ക്യാമ്പ് നടത്തിയത്.




മേപ്പാടിയിൽ നടന്ന ഹോപ്25 കുട്ടികളുടെ ദ്വിദിന ക്യാമ്പ് ഡോ.കെ.പി. ഗോദകുമാർ ഉദ്ഘാടനം ചെയ്യുന്നു.

മെഡിക്കൽ സർവീസ് സെന്റർ സംസ്ഥാന പ്രസിഡണ്ട് ഡോ.കെ.ഹരിപ്രസാദ് അധ്യക്ഷതവഹിച്ചു. സിസ്റ്റർ കരുണ, ഡോ.പ്രകാശൻ , അഡ്വ. അബ്ദുറഹ്മാൻ കാദിരി, ഷിനു, വി.ശ്രീജിത്, ടിൽസി ബെന്നി, നന്ദന, ക്യാമ്പ് കൺവീനർ എസ്.മിനി, എം.എ പുഷ്പ എന്നിവർ പ്രസംഗിച്ചു.

രണ്ട് ദിവസങ്ങളിലായി സംഗീതം, ചിത്രരചന, ഒറിഗാമി തുടങ്ങിയവയിൽ ശില്പശാലകൾ, പ്രഥമശുശ്രൂഷ, ദന്ത സംരക്ഷണം എന്നിവയിൽ വിദഗ്ധ ഡോക്ടർമാരുടെ ക്ലാസ്സുകൾ, മഹത് വ്യക്തിത്വങ്ങളെ പരിചയപ്പെടുത്തിക്കൊണ്ടുള്ള ക്ലാസ്സുകൾ, 'പൊലിക' നാടൻ പാട്ടു സംഘത്തിന്റെ കലാപരിപാടികൾ, സിനിമാ പ്രദർശനം, കുട്ടികളുടെ കലാപരിപാടികൾ, രക്ഷിതാക്കൾക്കുള്ള ക്ലാസ്സുകൾ എന്നിവ ക്യാമ്പിന്റെ ഭാഗമായി നടന്നു.

കെ.സദാനന്ദൻ, അരവിന്ദ് വേണുഗോപാൽ, ആമി എസ്, എസ്.അനന്തഗോപാൽ, പി.മണികണ്ഠൻ, ഹെലൻ തമ്പി, ഡോ.സുകന്യ കുമാർ, നിത്യ പയ്യെരി, സ്നേഹ മരിയ, റഹീസ് ആലുങ്കൽ,ഡോ.മേധ സുരേന്ദ്രനാഥ്, മിനി കെ.ഫിലിപ്പ് എന്നിവർ ക്ലാസ്സുകൾക്കും പരിശീലന കളരികൾക്കും നേതൃത്വം നൽകി. നൗഷിദ പി.കെ, റിയാസ് കള്ളാടി, ആർ. അജിത്, കെ.ജെ.ഷീല, ആർ.മാളു, ആർഷ രാജ്, സോണിയ ജോർജ്, റിൻസി ബെന്നി, എലിസബത്ത് കുര്യൻ, ഷബ്നവി.എ,മുഹമ്മദ് ഹബീബ് റഹ്മാൻ, അബ്ദുൽ സലാം,കെ. റഹീം എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

ക്യാമ്പിൽ പങ്കെടുത്ത മുഴുവൻ കുട്ടികൾക്കും സർട്ടിഫിക്കറ്റും വായന പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ കുട്ടികൾക്കും പുസ്തകങ്ങളും വിതരണം ചെയ്തു. ■







Volume: 51 No: 10 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.